UN environment programme
The Young Leaders Plastic Challenge
WWF
CEE Centre for Environment Education

# ടൈഡ് ടേണേഴ്സ് പ്ലാസ്റ്റിക് ചലഞ്ച്

## ഇന്ത്യ ടൂൾ കിറ്റ്



UN environment programme
UKaid from the British people
Ministry of Environment, Forest and Climate Change
Government of India
WWF
CEE Centre for Environment Education

ടൂൾകിറ്റ് തയ്യാറാക്കിയത്



# കൃതജ്ഞത

ഐക്യരാഷ്ട്രസംഘടനയുടെ പരിസ്ഥിതി പ്രവർത്തനങ്ങളുടെ ഭാഗമായി 2019-ലാണ് ടൈഡ് ടേണേഴ്സ് പ്ലാസ്റ്റിക് ചലഞ്ച് പ്രചരണ പരിപാടി ഇന്ത്യയിൽ അവതരിപ്പിക്കപ്പെട്ടത്.

പ്രസ്തുത പരിപാടിയുടെ വിജ്ഞാന-നിർവ്വഹണ പങ്കാളികളായ ഡബ്ല്യു.ഡബ്ല്യു.എഫ് - ഇന്ത്യ (WWF-India), സെന്റർ ഫോർ എൺവയോൺമെന്റ് എഡ്യുക്കേഷൻ (CEE) എന്നിവർ സാഹചര്യങ്ങൾക്കനുസൃതമായി ആവശ്യമായ മാറ്റങ്ങൾ വരുത്തുകയും പ്രവർത്തന നയങ്ങൾ രൂപപ്പെടുത്തുകയും ഇന്ത്യയിലുടനീളം ഈ ചലഞ്ച് നടപ്പിലാക്കുകയും ചെയ്തു.

2019 മുതൽ അഞ്ച് ലക്ഷത്തിലധികം യുവജനങ്ങളുടെ പങ്കാളിത്തത്തിലൂടെ സമൂഹത്തിന്റെ താഴേത്തട്ടിൽ നിന്നുവരെ പ്രചോദനാത്മകമായ നിരവധി വിജയഗാഥകൾ സൃഷ്ടിച്ച മുന്നേറ്റമായി ഈ ക്യാമ്പയിൻ മാറിക്കഴിഞ്ഞു.

കേന്ദ്ര പരിസ്ഥിതി-വന-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം, സംസ്ഥാന സർക്കാറുകൾ, വിവിധ യുവജന-സന്നദ്ധ സംഘടനകൾ എന്നിവരുടെ പങ്കാളിത്ത-സഹകരണങ്ങൾ, കോവിഡ് മഹാമാരി ഉൾപ്പടെയുള്ളവ ഉയർത്തിയ പ്രതിബന്ധങ്ങളെ നേരിട്ടുകൊണ്ട്, പ്ലാസ്റ്റിക് മലിനീകരണത്തിന്റെ വലിയൊരു കാരണമായ സിംഗിൾ യൂസ് പ്ലാസ്റ്റിക്കിനെതിരായ (SUP) മുന്നേറ്റത്തിന്റെ ഭാഗമാകുന്നതിന് യുവജനങ്ങളെ പ്രചോദിപ്പിക്കുവാൻ ഈ ക്യാമ്പയിനിനു സാധിക്കുകയും ചെയ്തിട്ടുണ്ട്.

ഉള്ളടക്കം: ഡബ്ല്യു.ഡബ്ല്യു.എഫ് -ഇന്ത്യ & സി ഇ ഇ
രൂപകല്പന: PPAL സ്റ്റുഡിയോ
പകർപ്പവകാശം: @UNEP

# ആമുഖം

പ്രകൃതിയിൽ, പ്രത്യേകിച്ച് സമുദ്രങ്ങളിൽ, പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന മലിനീകരണം ഒരു ആഗോള പ്രതിസന്ധി തന്നെയാണ്. വിലക്കുറവും ദീർഘകാലത്തെ ഈടുനിൽപ്പും ഭാരക്കുറവുമെല്ലാം പാക്കേജിങ്ങ് മുതൽ വസ്ത്രങ്ങൾ, സൗന്ദര്യവർദ്ധകവസ്തുക്കൾ ഉൾപ്പടെയുള്ളവയിൽ പ്ലാസ്റ്റിക്കിനെ നമ്മുടെ പുത്തൻ ജീവിതരീതിയിൽ വ്യാപകമാക്കി.

മറ്റു വസ്തുക്കളെപ്പോലെ പ്രകൃതിയിൽ അഴുകിച്ചേരുന്ന ഒരു വസ്തുവല്ല പ്ലാസ്റ്റിക്. ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക് വസ്തുക്കൾ ദ്രവിക്കുവാനായി നൂറുകണക്കിനു വർഷങ്ങൾ വേണ്ടി വരുന്നു. അപ്പോഴേക്കും അവ പ്രകൃതിയിൽ ഒരു പ്രതിസന്ധിയായി വളർന്നിട്ടുണ്ടാകും. ഇത്തരം മാലിന്യങ്ങൾ സമുദ്രജീവ വ്യവസ്ഥയെയും മണ്ണിനേയും സാരമായി ബാധിക്കുകയും ഭൂഗർഭജലത്തെ വിഷലിപ്തമാക്കുകയും അതിഗൗരവമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുകയും ചെയ്യുന്നു.

2022-ൽ ഐക്യരാഷ്ട്രസഭാ അംഗരാജ്യങ്ങൾ പ്ലാസ്റ്റിക് മലിനീകരണം ഇല്ലാതാക്കുവാനുള്ള ഒരു പ്രമേയം അംഗീകരിച്ചു. 2024-ൽ അന്തിമ അംഗീകാരം ലക്ഷ്യമാക്കികൊണ്ട് പ്ലാസ്റ്റിക് മലിനീകരണത്തിനെതിരായ ഒരു ആഗോള ഉടമ്പടിക്കായുള്ള പ്രവർത്തനങ്ങൾ ഒരു അന്തർദ്ദേശീയ ഭരണകൂടതല കൂടിയാലോചനാ സമിതിക്കു കീഴിൽ നടന്നു വരുന്നു.

പ്ലാസ്റ്റിക് മലിനീകരണ പ്രതിസന്ധി മറികടക്കാൻ നിലവിലുള്ള സർക്കാർ-വ്യാവസായികലോക നടപടികൾ നിയന്ത്രണങ്ങൾ കൊണ്ട് മാത്രം സാധ്യമല്ല. മനുഷ്യസമൂഹത്തിന്റെ ചിന്താഗതികളും ശീലങ്ങളും സ്വഭാവവും മാറേണ്ടിയിരിക്കുന്നു, വ്യവസ്ഥാനുസൃതമായ മാറ്റങ്ങൾ അനിവാര്യമാണ്; ഓരോ ചുവടുകളും പ്രാധാന്യമുള്ളതാണ്.

ഈ ചലഞ്ചിലൂടെ പ്ലാസ്റ്റിക് മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, അവയ്ക്കുള്ള പരിഹാരങ്ങൾ, നമുക്ക് എങ്ങിനെ മാറ്റങ്ങളുടെ ഭാഗമാകാം, മറ്റുള്ളവർക്ക് പ്രചോദനം നൽകുവാൻ നമുക്ക് എങ്ങിനെ കഴിയും, അതിലൂടെ പ്ലാസ്റ്റിക് ഉപയോഗവും മലിനീകരണവും കുറയ്ക്കുവാൻ എങ്ങിനെ കഴിയും എന്നിവയെക്കുറിച്ച് മനസ്സിലാക്കാം.

നമ്മുടെ ഭൂമി പ്ലാസ്റ്റിക് എന്ന മഹാവിപത്തിനെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുകയാണ്. 2050-ഓടെ സമുദ്രങ്ങളിൽ മത്സ്യങ്ങളേക്കാൾ കൂടുതൽ പ്ലാസ്റ്റിക് വസ്തുക്കളായിരിക്കുമെന്ന് കണക്കുകൾ പറയുന്നു. ഈ ഭൂമി, നാം മനുഷ്യരുടേതു മാത്രമല്ല, വിസ്മയിപ്പിക്കുന്നത്രയും ജീവജാലങ്ങളുടേയും കൂടി വീടാണിത്.

നമ്മുടെ ഭൂമിയെ അതിന്റെ തനിമയോടെ നിലനിർത്തുവാനും പ്ലാസ്റ്റിക് മലിനീകരണത്തിൽ നിന്നും സംരക്ഷിക്കുവാനും നമുക്കു ഒന്നായ് കൈകൾ കോർക്കാം, പരിശ്രമിക്കാം.

# ഉള്ളടക്കപ്പട്ടിക


**1** ചലഞ്ചിനെ ക്കുറിച്ച്

**2** പശ്ചാത്തല വിവരങ്ങൾ: ഭാഗം – 01

- പ്ലാസ്റ്റിക് : സഞ്ചാരപാതകൾ
- പ്ലാസ്റ്റിക് : എവിടേയും എല്ലായിടത്തും
  - പ്ലാസ്റ്റിക്കിന്റെ ഒളിച്ചുകളികൾ
- പ്ലാസ്റ്റിക്കിനെ മനസ്സിലാക്കാം
  - പ്ലാസ്റ്റിക് ഉത്ഭവിക്കുന്നതെവിടെ നിന്ന് ?
  - എല്ലാ പ്ലാസ്റ്റിക്കുകളും ഒരു പോലെയുള്ളവ ആണോ ?
- SUP-യുമായി ബന്ധപ്പെട്ടതെന്തെല്ലാം ?
  - SUP-കൾ ആരോഗ്യസംരക്ഷണ സഹായികൾ എന്ന നിലയിൽ
  - പ്ലാസ്റ്റിക്കും കോവിഡ്-19 മഹാമാരിയും
- പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെന്തെല്ലാം ?

**3** ചലഞ്ച് പ്രവർത്തനങ്ങൾ

- വ്യക്തിഗതം

**4** പശ്ചാത്തല വിവരങ്ങൾ : ഭാഗം – 02

- പ്ലാസ്റ്റിക് ഭൂമിയെ ദോഷകരമായി ബാധിക്കുന്നതെങ്ങിനെ ?
  - നമ്മുടെ പ്ലാസ്റ്റിക് സമുദ്രങ്ങൾ
  - സമുദ്രങ്ങളിലെ മാലിന്യക്കൂനകൾ
- പ്ലാസ്റ്റിക് മനുഷ്യരെ ദോഷകരമായി ബാധിക്കുന്നതെങ്ങിനെ ?

**5** ചലഞ്ച് പ്രവർത്തനങ്ങൾ

- ഗ്രൂപ്പ്
- പ്രത്യേക വിഭാഗങ്ങൾ

**6** പശ്ചാത്തല വിവരങ്ങൾ : ഭാഗം – 03

- പ്ലാസ്റ്റിക് മാലിന്യങ്ങൾ, നമുക്കെന്തുചെയ്യാം ?
  - ചാക്രികപരിഹാരം
  - സർക്കാറുകൾ ചെയ്യേണ്ടതെന്തെല്ലാം ?
  - ലോകനേതൃത്വം പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട് എന്തു ചെയ്യുന്നു ?

**7** ചലഞ്ച് പ്രവർത്തനങ്ങൾ

- നാഷണൽ കേഡറ്റ് കോർപ്സ്
- തൊഴിലിടങ്ങളിലെ യുവജനങ്ങൾ

പെരുമാറ്റരീതികളിലെ മാറ്റങ്ങൾക്കായുള്ള നിർദ്ദേശങ്ങൾ

**8** എന്തിനു വേണ്ടിയാണ് ഈ ക്യാമ്പയിൻ ?



# ചലഞ്ചിനെക്കുറിച്ച്

പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പോരാടുവാനായുള്ള ഒരു ആഗോള യുവജന മുന്നേറ്റമാണ് ടൈഡ് ടേണേഴ്സ് പ്ലാസ്റ്റിക് ചലഞ്ച്.

മുതിർന്ന യുവജനങ്ങളെ അവരുടെ പ്ലാസ്റ്റിക് ഉപയോഗത്തെക്കുറിച്ച് ബോധവാൻമാരാക്കുക, അവരുടെ പ്ലാസ്റ്റിക് ഉപയോഗം കുറക്കുവാനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക, അവരുടെ വീട്, സമൂഹം, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നല്ല മാറ്റങ്ങൾക്ക് നേതൃത്വം നൽകുവാനായി അവരെ പ്രചോദിപ്പിക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് ഈ ചലഞ്ച് രൂപകല്പന ചെയ്തിരിക്കുന്നത്.

ഈ മുന്നേറ്റത്തിൽ പങ്കാളിയാകുന്നതിലൂടെ, ഒരുമിച്ചുള്ള പ്രവർത്തനങ്ങളിലൂടെ, ലോകത്തിലെ വലിയൊരു മാറ്റത്തിനു കാരണമാകുന്ന യുവനേതാക്കളുടെ തലമുറയുടെ ഭാഗമാകുകയാണ് നിങ്ങൾ.







ഒന്നാം തലം (Level 1 / Entry Level):

**സിംഗിൾ-യൂസ് പ്ലാസ്റ്റിക്കിനെക്കുറിച്ചുള്ള അറിവ് വർദ്ധിപ്പിക്കുക.**

നിങ്ങളുടെ ദൈനംദിന ജീവിതത്തിലെ പ്ലാസ്റ്റിക് ഉപയോഗത്തെക്കുറിച്ച് ചിന്തിക്കുവാനും മനസ്സിലാക്കുവാനും ഒപ്പം ആ ഉപയോഗം കുറയ്ക്കുവാനുമായി നിങ്ങൾക്കെന്തെല്ലാം ചെയ്യാമെന്നു കണ്ടെത്തുവാനും ഉതകുന്ന രീതിയിൽ പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നു



രണ്ടാം തലം (Level 2 / Leader Level):

**സമൂഹത്തിലേക്ക് എത്തിച്ചേരുകയും അവബോധം വ്യാപിപ്പിക്കുകയും ചെയ്യുക.**

നിങ്ങളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, സമൂഹത്തിലെ മറ്റുള്ളവർ, എന്നിവർക്കിടയിലേക്ക് ഇറങ്ങി ചെന്ന് സിംഗിൾ-യൂസ് പ്ലാസ്റ്റിക് സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ, പരിണിതഫലങ്ങൾ, എന്നിവയെക്കുറിച്ച് നിങ്ങൾക്കുള്ള അറിവുകൾ അവർക്കു പകർന്നു കൊടുക്കുകയും അവബോധം വളർത്തുകയും ചെയ്യുന്നതിലൂടെ നിങ്ങളുടെ വിജ്ഞാനത്തെ പ്രവർത്തി പഥത്തിലെത്തിക്കുന്നു.



മൂന്നാം തലം (Level 3 / Champion Level):

**സമൂഹികതല പ്രവർത്തനവും പിന്തുണകളും**

നിങ്ങളുടെ ശ്രമങ്ങളെ കൂടുതൽ ഫലവത്തായ പ്രവർത്തനങ്ങളിലേക്ക് ഉയർത്തുവാനുള്ളതാണ് ഈ തലം. പഞ്ചായത്ത്, മുനിസിപ്പാലിറ്റി തുടങ്ങിയവയുമായി സഹകരിച്ച് ജലാശയ ശുചീകരണയജ്ഞം സംഘടിപ്പിക്കുക, സിംഗിൾ-യൂസ് പ്ലാസ്റ്റിക് മാലിന്യസംസ്കരണ സംവിധാനങ്ങൾ ബന്ധിപ്പിക്കുകയോ നടപ്പിലാക്കുകയോ ചെയ്യുക എന്നിവ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നു.

# പ്ലാസ്റ്റിക്കിന്റെ യാത്ര






ഒരു നിമിഷം നിൽക്കൂ... നിങ്ങൾക്കു ചുറ്റും ഒന്ന് കണ്ണോടിക്കൂ..
പ്ലാസ്റ്റിക് നിർമ്മിതമായ എത്ര വസ്തുക്കൾ നിങ്ങൾക്ക് കാണാനാകും ?
**എണ്ണം പറയാമോ ?**

ടൂത്ത്ബ്രഷ് മുതൽ കളിപ്പാട്ടങ്ങൾ വരെ, പാക്കേജിങ്ങ് വസ്തുക്കൾ മുതൽ വസ്ത്രങ്ങൾ ഉൾപ്പടെ...

പ്ലാസ്റ്റിക് നിർമ്മിതമോ അല്ലെങ്കിൽ പ്ലാസ്റ്റിക് ഘടകങ്ങൾ ഉള്ളതോ ആയ അസംഖ്യം വസ്തുക്കൾ നമ്മുടെ നിത്യജീവിതത്തിൽ നാം കാണുകയോ ഉപയോഗിക്കുകയോ ചെയ്യുന്നു;
ആശ്ചര്യകരം അല്ലേ ?

സമുദ്രങ്ങളിലേയും മണ്ണിലേയും മലിനീകരണം, മനുഷ്യന്റെ ആരോഗ്യം, വന്യജീവജാലങ്ങൾ, കാലാവസ്ഥാ വ്യതിയാനം, അങ്ങിനെ ഒരുപാടൊരുപാട് വിഷയങ്ങളുമായി പ്ലാസ്റ്റിക് ബന്ധപ്പെട്ടിരിക്കുന്നു.

## പ്ലാസ്റ്റിക്കിന്റെ ഇത്രയും വലിയ ഉപയോഗം നമുക്കെങ്ങിനെ കുറയ്ക്കാം ?

## എല്ലാ തരം പ്ലാസ്റ്റിക്കുകളും ദോഷകരമാണോ ?

## നമുക്കു കണ്ടെത്താം...



# പ്ലാസ്റ്റിക് പ്ലാസ്റ്റിക് സർവ്വത്ര!

പ്ലാസ്റ്റിക്കിന്റെ പല വിധ ഗുണവിശേഷങ്ങൾ, വിവിധോദ്ദേശ്യയുക്തവും ബഹുപയോഗയോഗ്യവുമായ വിവിധങ്ങളായ ഉത്പന്നങ്ങളുടെ രൂപത്തിൽ എല്ലാ മേഖലകളിലും സാന്നിദ്ധ്യമറിയിക്കുവാൻ അതിനെ പ്രാപ്തമാക്കുന്നു.

## പ്ലാസ്റ്റിക്കിനെ ഇത്രയും ഉപയോഗപ്രദമാക്കുന്നതെന്ത് ?

- എളുപ്പം ദ്രവിക്കുന്നില്ല
- രാസവസ്തുക്കളുമായി പ്രതിപ്രവർത്തിക്കുന്നില്ല
- ഭാരം കുറഞ്ഞത്, എന്നാൽ ഉറപ്പുള്ളത്
- വില കുറവ്
- രൂപമാറ്റം വരുത്താവുന്നത്
- താപ–ഈർപ്പ പ്രതിരോധം
- അഗ്നിയെ പ്രതിരോധിക്കുന്നു
- തകർന്നു പോകാത്തവ
- ജീർണ്ണിക്കാത്തവ



# പ്ലാസ്റ്റിക്കിന്റെ ഒളിച്ചുകളികൾ

## നിങ്ങൾക്കറിയാമോ ?

നാം ഏറെ രുചിയോടെ ചവയ്ക്കുന്ന ച്യൂയിംഗ് ഗം പാതി പ്ലാസ്റ്റിക്കാണെന്നറിയാമോ ? കാഴ്ച്ചയിൽ അല്ല എന്നു തോന്നുന്ന നാം നിത്യവും ഉപയോഗിക്കുന്ന പല വസ്തുക്കളിലും പ്ലാസ്റ്റിക് അടങ്ങിയിട്ടുണ്ട്. നിങ്ങൾക്കെത്രത്തോളം അറിയാം ?



### ഡിസ്പോസിബിൾ പേപ്പർ കപ്പുകൾ

ജലത്തെ പ്രതിരോധിക്കാനായി പ്ലാസ്റ്റിക് ആവരണം ഉപയോഗിക്കുന്നു



### നൈലോൺ, പോളിസ്റ്റർ, അക്രിലിക് തുണിത്തരങ്ങൾ

പ്ലാസ്റ്റിക് നിർമ്മിത കൃത്രിമനാരുകൾ



### ഫേസ് സ്ക്രബുകളും മറ്റു സൗന്ദര്യവർദ്ധക വസ്തുക്കളും

പ്ലാസ്റ്റിക് ചെറുകണങ്ങൾ ഉൾപ്പെട്ടിരിക്കുന്നു



### ടീ ബാഗുകൾ

കടലാസിന് ബലവും ആകൃതിയും നൽകാനായി പ്ലാസ്റ്റിക് ചെറുനാരുകൾ ഉപയോഗിക്കുന്നു



### ഭക്ഷണപാനീയ പെട്ടികൾ

ഈർപ്പം അകത്തോട്ടോ പുറത്തോട്ടോ കടക്കാതിരിക്കുവാനും വസ്തുക്കളുടെ പുതുമ നിലനിർത്തുവാനും പ്ലാസ്റ്റിക് ആവരണം ഉപയോഗിക്കുന്നു



### ഗ്ലിറ്ററുകൾ

അലുമിനിയത്തിന്റേയും പ്ലാസ്റ്റിക്കിന്റേയും ചേരുവകൾ



### അലുമിനിയം കാനുകൾ

പാനീയങ്ങൾ ലോഹവുമായി പ്രതിപ്രവർത്തിക്കാതിരിക്കാൻ പ്ലാസ്റ്റിക് ആവരണം ഉപയോഗിക്കുന്നു



### സിഗരറ്റ് ഫിൽറ്ററുകൾ

## നിങ്ങൾക്ക് അറിയാമോ ?

**766 ദശലക്ഷം കിലോഗ്രാം മാലിന്യം... !!!**
ഓരോ വർഷവും ഉപയോഗശേഷം അശ്രദ്ധമായി നിലത്ത് വലിച്ചെറിയപ്പെടുന്ന സിഗരറ്റ് കുറ്റികളുടെ ഭാരം 766 ദശലക്ഷം കിലോഗ്രാം ആണ്. അതായത്, ലോകത്ത് അശ്രദ്ധമായി ഏറ്റവും കൂടുതൽ ഉപേക്ഷിക്കപ്പെടുന്ന മാലിന്യം സിഗരറ്റ് കുറ്റികളാണ്!



ഒറ്റനോട്ടത്തിൽ പ്ലാസ്റ്റിക് അടങ്ങിയതെന്ന് തിരിച്ചറിയാനാകാത്ത രണ്ട് നിത്യോപയോഗ വസ്തുക്കളെ കണ്ടെത്താമോ ? കൂടാതെ അവക്ക് ബദൽ വസ്തുക്കൾ നിർദ്ദേശിക്കാമോ ?

1. ________________ ബദൽ : ________________

2. ________________ ബദൽ : ________________

# പ്ലാസ്റ്റിക്കിനെ മനസ്സിലാക്കൂ



### പ്ലാസ്റ്റിക് ഉത്ഭവിക്കുന്നത് എവിടെ നിന്നാണ് ?

ഏറെക്കുറെ എല്ലാ പ്ലാസ്റ്റിക്കുകളും മനുഷ്യനിർമ്മിതവും കൽക്കരി, ക്രൂഡ് ഓയിൽ അഥവാ പെട്രോളിയം, പ്രകൃതിവാതകം തുടങ്ങിയ ഫോസ്സിൽ ഇന്ധനങ്ങളിൽ നിന്നും ഉത്പാദിപ്പിക്കുന്നവയുമാണ്

1907-ൽ ബെൽജിയൻ രസതന്ത്രജ്ഞനായ ലിയോ ബേക്ക്‌ലാന്റ് ആദ്യ കൃത്രിമ പ്ലാസ്റ്റിക്കായ ബേക്ക്‌ലൈറ്റ് കണ്ടുപിടിച്ചു.

പഴയകാല റേഡിയോകളിലും ടെലിഫോണുകളിലും ബേക്ക്‌ലൈറ്റ് നിർമ്മിത ഘടകങ്ങൾ നിങ്ങൾക്ക് കാണാനാകും....



# പ്ലാസ്റ്റിക്കും കാലാവസ്ഥാ വ്യതിയാനവും
## തമ്മിൽ എന്താണ് ബന്ധം ?

ഫോസ്സിൽ ഇന്ധനങ്ങൾ ജ്വലിപ്പിച്ച് നാം നമ്മുടെ കാറുകൾ, തീവണ്ടികൾ, കപ്പലുകൾ എന്നിവയെല്ലാം ചലിപ്പിക്കുന്നു. ഇതിലൂടെ കാർബൺ ഡൈ ഓക്സൈഡ്-ഉം മറ്റു ഹരിതഗൃഹ വാതകങ്ങളും പുറത്തുവരുകയും ഈ വാതകങ്ങൾ ഭൂമിയിലെ താപനില ഉയരുവാൻ കാരണമാകുകയും തത്ഫലമായി കാലാവസ്ഥാ വ്യതിയാനം ഉണ്ടാകുകയും ചെയ്യുന്നു. കൂടാതെ, പ്ലാസ്റ്റിക് ഉത്പാദനവുമായി ബന്ധപ്പെട്ട നമ്മുടെ ആവശ്യങ്ങൾ ഫോസ്സിൽ ഇന്ധന ഖനനത്തിന്റെ മറ്റൊരു കാരണമാകുന്നു.




പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അവയുടെ കാലചക്രത്തിലുടനീളം ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നു; ഫോസ്സിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള ഉത്പാദനപ്രക്രിയ മുതൽ മാലിന്യമായി മാറുമ്പോൾ ഉൾപ്പടെ. പരിസ്ഥിതിയിൽ ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ വിഘടിക്കുമ്പോൾ പല വാതകങ്ങളും പുറന്തള്ളുകയും, അവ ഹരിതഗൃഹ വാതകങ്ങൾ പുറത്തു വരുന്നത് ചെറുക്കുവാൻ സഹായിക്കുന്ന തരം ജീവജാലങ്ങളെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് റീസൈക്ലിങ്ങ് പ്രക്രിയയിൽ പോലും പലപ്പോഴും ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളപ്പെടുന്നുണ്ട്.

**എത്രത്തോളം പ്ലാസ്റ്റിക് നാം ഉത്പാദിപ്പിക്കുന്നോ കാലാവസ്ഥാ വ്യതിയാനത്തിന് നാം അത്രത്തോളം കാരണമാകുന്നു.**

## എല്ലാ പ്ലാസ്റ്റിക്കുകളും ഒരു പോലുള്ളവയാണോ ?

അല്ല; വിവിധ തരം പ്ലാസ്റ്റിക്കുകളുണ്ട്. ചില പ്ലാസ്റ്റിക്കുകൾ ഉരുക്കി മറ്റു വസ്തുക്കൾ നിർമ്മിക്കാനാകുന്നവയാണ്, ചിലത് ഒട്ടും കഴിയാത്തതും. അതിനാലാണ് പ്ലാസ്റ്റിക് മാലിന്യങ്ങളെ വ്യത്യസ്ത രീതിയിൽ സംസ്ക്കരിക്കേണ്ടി വരുന്നത്; ചിലത് റീ-സൈക്കിൾ ചെയ്യപ്പെടുമ്പോൾ ചിലത് മറ്റ് രീതികളിൽ.

പ്ലാസ്റ്റിക് ഉത്പന്നങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഇതു പോലുള്ള ചിഹ്നങ്ങൾ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ശരിയായ രീതിയിൽ റീസൈക്ലിങ്ങ് ചെയ്യുവാൻ സഹായിക്കുന്നു






വ്യത്യസ്ത തരത്തിലുള്ള പ്ലാസ്റ്റിക്കുകളെ മനസ്സിലാക്കൂ.... നിങ്ങൾക്ക് ചുറ്റുമുള്ള കുറഞ്ഞത് മൂന്ന് പ്ലാസ്റ്റിക് ഉത്പന്നങ്ങളിൽ കൊടുത്തിരിക്കുന്ന ചിഹ്നങ്ങൾ നോക്കി അവ ഏതു ഗണത്തിൽപ്പെടുന്നുവെന്നു കണ്ടെത്തൂ....

| | | | |
|---|---|---|---|
| 1 PETE | | **പോളി എത്തിലീൻ ടെറേഫ്ത്തലേറ്റ് (PET or PETE)**<br>ശീതളപാനീയങ്ങൾ, ഭക്ഷ്യ എണ്ണ, കുടിവെള്ളം ഭക്ഷണ ട്രേ എന്നിവ | ഏറ്റവും കൂടുതലും വ്യാപകമായും റീസൈക്കിൾ ചെയ്യപ്പെടുന്നവ |
| 2 HDPE | | **ഹൈ ഡെൻസിറ്റി പോളി എത്തിലീൻ (HDPE)**<br>പാൽപാത്രങ്ങൾ, ശുചീകരണ ദ്രാവകങ്ങൾ - ബ്ലീച്ചിങ്ങ് - സോപ്പ് - ഷാംപൂ - ഷവർ ജെൽ കുപ്പികൾ എന്നിവ | ഏറ്റവും എളുപ്പത്തിൽ റീസൈക്കിൾ ചെയ്യുവാൻ കഴിയുന്നവ |
| 3 PVC | | **പോളി വിനൈൽ ക്ലോറൈഡ് (PVC)**<br>പൈപ്പുകൾ, പാനലുകൾ, പൂന്തോട്ടത്തിലുപയോഗിക്കുന്ന വെള്ളക്കുഴലുകൾ, ബ്ലിസ്റ്റർ (കുമിളകൾ) പാക്കുകൾ, വാണിജ്യ ഉത്പന്നങ്ങൾ പൊതിയുന്ന സുതാര്യമായ വസ്തുക്കൾ എന്നിവ | സാധാരണയായി റീസൈക്കിൾ ചെയ്യപ്പെടാത്തവ |
| 4 LDPE | | **ലോ ഡെൻസിറ്റി പോളി എത്തിലീൻ (LDPE)**<br>ബ്രെഡ്, ബൺ, പലചരക്ക് പോലുള്ള ഭക്ഷ്യ വസ്തുക്കളുടെ പാക്കറ്റുകൾ, ഷോപ്പിങ്ങ് ബാഗുകൾ, ചവർപൊതികൾ, സ്ക്വീസ് കുപ്പികൾ എന്നിവ | സാധാരണയായി റീസൈക്കിൾ ചെയ്യപ്പെടാത്തവ |
| 5 PP | | **പോളി പ്രൊപ്പിലീൻ (PP)**<br>സ്ട്രോകൾ, പാക്കിങ്ങ് ടേപ്പ്, ഔഷധ കുപ്പികൾ, ഗൃഹോപകരണങ്ങൾ, ലഗേജുകൾ എന്നിവ | സാധാരണയായി റീസൈക്കിൾ ചെയ്യപ്പെടാത്തവ |
| 6 PS | | **പോളിസ്റ്റിറീൻ (PS)**<br>ഡിസ്പോസിബിൾ കപ്പുകൾ, പാത്രങ്ങൾ, മുട്ടകൾ സൂക്ഷിക്കാനുപയോഗിക്കുന്ന കൂടകൾ എന്നിവ | വളരെ കുറഞ്ഞ അളവിൽ റീസൈക്കിൾ ചെയ്യപ്പെടുന്നവ; ബുദ്ധിമുട്ടേറിയതും ചെലവു കൂടുതലും |
| 7 OTHERS | | **മറ്റുള്ളവ**<br>പാൽ കുപ്പികൾ, വലിയ കുടിവെള്ള കുപ്പികൾ, വലിയ പ്ലാസ്റ്റിക് പാത്രങ്ങൾ എന്നിവ<br>പോളി കാർബണേറ്റ്, അക്രിലിക്, നൈലോൺ, ഫൈബർ ഗ്ലാസ്സ് മുതലായവ | സാധാരണയായി റീസൈക്കിൾ ചെയ്യപ്പെടാത്തവ |

ഉറവിടം: https://orf.od.nih.gov/EnvironmentalProtection/WasteDisposal/Pages/PlasticResinCodes.aspx
https://plasticactioncentre.ca/directory/plastic-by-the-numbers/

# SUP-യുമായി ബന്ധപ്പെട്ടതെന്തെല്ലാം ?

ഒറ്റത്തവണത്തെയോ ചെറിയ കാലയളവിലേയോ ഉപയോഗത്തിനു ശേഷം ഉപേക്ഷിക്കപ്പെടുകയോ റീസൈക്ലിങ്ങിനു വിധേയമാകുകയോ ചെയ്യുന്നവയാണ് SUP അഥവാ SUPP എന്ന ചുരുക്കെഴുത്തിൽ പൊതുവെ അറിയപ്പെടുന്ന സിംഗിൾ-യൂസ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ. ഇത്തരം ഉത്പന്നങ്ങൾ പൊതുവേ ഒരിക്കൽ കൂടി ഉപയോഗിക്കാൻ കഴിയാത്ത വിധം / പാടില്ലാത്ത വിധം നിർമ്മിക്കപ്പെട്ടിട്ടുള്ളവയാണ്.

ഉപയോഗിക്കുവാനുള്ള എളുപ്പം SUP-കളെ വ്യാപകവും നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗവുമാക്കി മാറ്റിയിരിക്കുന്നു.

ശരിയായ രീതിയിൽ ശേഖരിക്കപ്പെടുകയും റീസൈക്കിൾ അല്ലെങ്കിൽ നിർമ്മാർജ്ജനം ചെയ്യപ്പെടുകയും ഉണ്ടായില്ലെങ്കിൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക് എന്നല്ല എല്ലാ പ്ലാസ്റ്റിക്കുകളും വലിയ പ്രശ്നം തന്നെയാണ്. എന്നാൽ ഉപയോഗത്തിനു ശേഷം ഉപേക്ഷിക്കപ്പെടുവാനുള്ള സാധ്യതകൾ കൂടുതലായതിനാൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകൾ കൂടുതൽ പ്രാധാന്യമർഹിക്കുന്നു



## നിങ്ങൾക്കറിയാമോ ?

ലോകത്താകമാനം ഓരോ വർഷവും 400 ദശലക്ഷം ടൺ പ്ലാസ്റ്റിക് ഉത്പാദിപ്പിക്കപ്പെടുന്നു. ഇതിൽ പകുതിയോളം ഒറ്റത്തവണ ഉപയോഗിക്കപ്പെടുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങളാണ്.

അതെത്രയെന്നോ?
ലോകത്തെ മുഴുവൻ മനുഷ്യരുടേയും ഭാരത്തിനു തുല്യം...

**400 ദശലക്ഷം ടൺ പ്ലാസ്റ്റിക്**

ഉറവിടം:
https://ourworldindata.org/plastic pollution
https://www.unep.org/interactives/beat-plastic-pollution/









## ഒരു കുപ്പി വെള്ളത്തിന്റെ ശരിയായ വില

**ലോകത്താകമാനം ഒരു ദിവസം വിൽക്കപ്പെടുന്ന കുടിവെള്ളക്കുപ്പികൾ കൊണ്ട് ഒരു തൂൺ നിർമ്മിക്കുകയാണെങ്കിൽ അതിന് ഏകദേശം 'ഏകതാ പ്രതിമ'യോളം (Statue of Unity) ഉയരമുണ്ടായിരിക്കും.**



# പ്ലാസ്റ്റിക് ആവരണം
### മുകളിലും ചുറ്റിലും

ഭക്ഷണപദാർത്ഥങ്ങൾ മുതൽ ഗൃഹോപകരണങ്ങൾ വരെ നാം വാങ്ങുന്ന ഭൂരിഭാഗം വസ്തുക്കളും പ്ലാസ്റ്റിക്കിനാൽ ആവരണം ചെയ്യപ്പെട്ടിരിക്കുന്നു. ഭക്ഷണം പൊതിയുന്ന ഷീറ്റുകൾ, പാക്കറ്റുകൾ, ചെറുപാത്രങ്ങൾ തുടങ്ങിയവയെല്ലാം പ്ലാസ്റ്റിക് നിർമ്മിതമാണ്. ഒരു പ്ലാസ്റ്റിക് പാക്കേജിങ്ങിന്റെ ശരാശരി ആയുസ്സ് ഒരു വർഷത്തിൽ താഴെ മാത്രമാണ്.

2018-ലെ പഠനവിവരങ്ങൾ അനുസരിച്ച് ആഗോള പ്ലാസ്റ്റിക് മാലിന്യത്തിന്റെ 46% പാക്കേജിങ്ങ് വസ്തുക്കളാണ്. ഇവ അവസാനം എവിടെയാണ് എത്തിപ്പെടുന്നത് ?

ഇവയുടെ 40 ശതമാനത്തോളം ഭൂമിയിൽ കുഴിച്ചു മൂടപ്പെടുന്നു, 32 ശതമാനത്തോളം പ്രകൃതിയിൽ അങ്ങിങ്ങായി ചിതറിക്കിടക്കുന്നു, 10 ശതമാനത്തോളം മാത്രമാണ് റീസൈക്കിൾ ചെയ്യപ്പെടുന്നത്.

https://www.science.org/doi/10.1126/sciadv.1700782
https://www.unep.org/resources/report/drowning-plastics-marine litter-and-plastic-waste-vital-graphics
https://wedocs.unep.org/bitstream/handle/20.500.11822/41263/Plastic_Science_E.pdf

## നിങ്ങൾക്കറിയാമോ ?

'Global Plastics Outlook : Policy Scenarios to 2060' റിപ്പോർട്ട് പ്രകാരം ലോകത്ത് ഓരോ വർഷവും 400 ദശലക്ഷം ടൺ പ്ലാസ്റ്റിക് ഉത്പാദിപ്പിക്കപ്പെടുന്നുണ്ട് (2019-ലെ ഡേറ്റ അനുസരിച്ച്);
അടിയന്തര ഇടപെടലുകൾ ഉണ്ടായില്ലെങ്കിൽ 2060-ൽ ഉത്പാദനം ഇതിന്റെ മൂന്ന് മടങ്ങായി വർദ്ധിക്കും.

ഉറവിടം: https://www.oecd.org/environment/global-plastic-waste-set-to-almost-triple-by-2060.htm

# SUP-കൾ ആരോഗ്യ സംരക്ഷണ സഹായികൾ

## എന്ന നിലയിൽ

ആരോഗ്യപരിപാലന രംഗത്ത് സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകൾ വിലമതിക്കാനാകാത്തവയാണ്. ആരോഗ്യരംഗത്തെ പല ഉത്പന്നങ്ങളും സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകളാൾ നിർമ്മിതവും ഒറ്റത്തവണത്തെ ഉപയോഗത്തിനായി പ്രത്യേകം തയ്യാറാക്കപ്പെട്ടിട്ടുള്ളതുമാണ്.
ഇവ അണുബാധകളും രോഗ സംക്രമണവും ഒഴിവാക്കുവാൻ സഹായിക്കുന്നു.



ഡിസ്പോസിബിൾ ഫേസ് മാസ്ക്കുകൾ & N95 മാസ്ക്കുകൾ



ഡിസ്-ഇൻഫക്റ്റന്റ് വൈപ്പ്സ് & സ്വാബ്സ്



ഡിസ്പോസിബിൾ ഗ്ലൗസുകൾ



ബാഗുകൾ, പൗച്ചുകൾ, ട്യൂബുകൾ

## നിങ്ങൾക്കറിയാമോ ?

ഹാൻഡ് സാനിറ്റൈസറുകൾക്ക് കട്ടികൂട്ടുന്നതിനായി മൈക്രോപ്ലാസ്റ്റിക്കുകൾ ഉപയോഗിക്കപ്പെടുന്നുണ്ട്.

സമീപകാല പഠനങ്ങൾ പ്രകാരം 138 ഹാൻഡ് സാനിറ്റൈസർ, ജെൽ ബ്രാൻഡുകളിൽ 83 ശതമാനത്തിലും മൈക്രോപ്ലാസ്റ്റിക്കുകൾ അടങ്ങിയിരിക്കുന്നു.



ഉറവിടം: https://www.unep.org/news-and-stories/story/inside-clean-seas-campaign-against-microplastics

### വസ്തുതാ വിശകലനം

- വെറ്റ് വൈപ്പ്സ്, പെർഫ്യൂമ്ഡ് ടിഷ്യൂ എന്നിവ വളരെ മൃദുവും തുണിയുടെ പ്രതീതി നൽകുന്നവയുമാണ്; എന്നാൽ അവ പരുത്തി കൊണ്ടുണ്ടാക്കിയവ അല്ല. അവ വളരെ കനംകുറഞ്ഞ പ്ലാസ്റ്റിക് നാരുകളാൽ നിർമ്മിച്ച പാളികളാണ്.
- ചിലയിനം സർജിക്കൽ കയ്യുറകൾ കൃത്രിമ റബ്ബർകൊണ്ട് നിർമ്മിച്ചവയാണ്. പ്ലാസ്റ്റിക് ഉത്പന്നമല്ലെങ്കിലും അവയും പരിസ്ഥിതിക്ക് ദോഷകരമാണ്.



ജീവൻരക്ഷാ സഹായികളായി വർത്തിക്കുന്ന മേൽപ്പറഞ്ഞ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ആരോഗ്യപരിപാലന രംഗത്ത് ഒഴിച്ചുകൂടാനാകാത്തവയാണ് !
അതിനാൽ പ്ലാസ്റ്റിക്  മാലിന്യ പ്രശ്നം നിയന്ത്രിക്കുന്നതിനായി നാം മറ്റു രംഗങ്ങളിലും മേഖലകളിലും വീടുകളിലും ഉപയോഗിക്കുന്ന, എന്നാൽ അനിവാര്യമല്ലാത്ത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ കുറയ്ക്കുവാൻ തയ്യാറാകണം.



# പ്ലാസ്റ്റിക്കും കോവിഡ്-19 മഹാമാരിയും

2020-2022 കാലത്ത് കോവിഡ്-19 മഹാമാരി അതിന്റെ മൂർദ്ധന്യത്തിൽ എത്തിയ സമയത്ത് പ്ലാസ്റ്റിക് ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറി. കോവിഡ് 19-നു കാരണമായ വൈറസുകൾ പടരുന്നത് കുറയ്ക്കുവാനായി പൊതുജനങ്ങളും ആരോഗ്യപ്രവർത്തകരും മുഖാവരണങ്ങളും കയ്യുറകളും വ്യക്തിഗത സംരക്ഷണ കവചങ്ങളും ഹാൻഡ് സാനിറ്റൈസറുകളും മറ്റും ഉപയോഗിക്കുന്നത് സർവ്വസാധാരണമായി. ഇത് ഇത്തരം സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകളുടെ ഉത്പാദനവും നീക്കം ചെയ്യലും ഉയരുവാൻ കാരണമായി.

**2021 ഓഗസ്റ്റ് വരെയുള്ള പഠനങ്ങൾ പ്രകാരം;**



കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട് ലോകത്താകമാനം പുറന്തള്ളപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആകെ ഭാരം 8 ദശലക്ഷം ടണ്ണിൽ കൂടുതലാണ്.

**8000000 ടൺ**

25000 ടണ്ണിൽ കൂടുതൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ സമുദ്രങ്ങളിലേക്ക് ഒഴുകിയെത്തപ്പെട്ടു

**25000 ടൺ**





ഈ ഭാരം ഏകദേശം

**× 2000**

ഡബിൾ ഡെക്കർ ബസ്സുകളുടെ ഭാരത്തിനു തുല്യമാണ്

ഉറവിടം: https://www.pnas.org/doi/10.1073/pnas.2111530118

## പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെന്തെല്ലാം ?

### 1. പ്ലാസ്റ്റിക് ജൈവവിഘടനം സാധ്യമായ ഒന്നല്ല.

പഴങ്ങൾ, പച്ചക്കറികൾ എന്നിവ പോലെ ബാക്ടീരിയ, ഫംഗസ് പോലുള്ള സൂക്ഷ്മാണുക്കളാൽ പ്ലാസ്റ്റിക് വസ്തുക്കൾ ജൈവവിഘടനത്തിനു വിധേയമാകുകയോ പ്രകൃതിയിൽ അലിഞ്ഞുചേരുകയോ ചെയ്യുന്നില്ല. കൂടാതെ ദ്രവിക്കുവാനായി നൂറുകണക്കിനു വർഷങ്ങളോളം എടുക്കുകയും ഈ കാലയളവിൽ ഹാനികാരങ്ങളായ രാസവസ്തുക്കൾ പുറന്തള്ളുകയും ചെയ്യുന്നു.

# ശേഷം, എത്ര സമയം ?

- ആപ്പിൾ കാമ്പ് — ഒരു മാസം
- പേപ്പർ ടിഷ്യൂ — 2–4 ആഴ്ച്ച
- വർത്തമാന പത്രം — 6 ആഴ്ച്ച
- കാർഡ് ബോർഡ് — 2 മാസം
- പരുത്തി ടീ-ഷർട്ട് — 2–5 മാസം
- പ്ലൈവുഡ് — 1–3 വർഷം




- പ്ലാസ്റ്റിക് സ്ട്രോ — 200 വർഷം
- ഡിസ്പോസിബിൾ വെറ്റ് വൈപ്പ് — 100 വർഷം
- അലൂമിനിയം കാൻ — 80 വർഷം
- ഫോംഡ് പ്ലാസ്റ്റിക് കപ്പ് — 50 വർഷം
- പ്ലാസ്റ്റിക് ക്യാരി ബാഗ് — 15–20 വർഷം
- സിഗരറ്റ് കുറ്റികൾ — 2.5 വർഷം



- പ്ലാസ്റ്റിക് കുടിവെള്ളക്കുപ്പി — 450 വർഷം
- പ്ലാസ്റ്റിക് കപ്പ് — 450 വർഷം
- സർജിക്കൽ ഫേസ് മാസ്ക്ക് — 450 വർഷം
- ഡിസ്പോസിബിൾ ഡയപ്പർ — 500 വർഷം
- പ്ലാസ്റ്റിക് ടൂത്ത് ബ്രഷ് — +500 വർഷം



ടൈഡ് ടേണേഴ്സ് പ്ലാസ്റ്റിക് ചലഞ്ച്- ടൂൾ കിറ്റ്

ഓരോ വസ്തുക്കളും എങ്ങിനെ, ഏതു രീതിയിൽ, ഏതു അവസ്ഥകളിൽ ഇല്ലാതാകുന്നു എന്നിവയെ ആശ്രയിച്ചാണ് ആ വസ്തുക്കൾ എത്ര നാൾ മാലിന്യമായി നിലകൊള്ളും എന്നത് തീരുമാനിക്കപ്പെടുന്നത്. പ്ലാസ്റ്റിക് വളരെ ചെറിയ കഷ്ണങ്ങളായി പൊടിഞ്ഞുപോകുമെങ്കിലും അവ പൂർണമായും അഴുകുന്നില്ല. അതിനാൽ കാണാൻ കഴിയാത്തത്രയും ചെറിയ കഷ്ണങ്ങളായിത്തീരുവാൻ അവ എടുക്കുന്ന സമയമാണ് കണക്കാക്കിയിരിക്കുന്നത്.

ഉറവിടം: htthttps://www.statista.com/statistics/781901/decomposition-rates-of-select-materials/,
https://www.statista.com/statistics/1192549/lifecycle-selected-plastic-product/ ,
https://oceanconservancy.org/wp-content/uploads/2017/05/4.-How_Long_chart.jpg ,
https://www.researchgate.net/figure/Estimated-degradation-time-of-polypropylene-face-masks-and-gowns-in-comparison-with-other_fig2_354199906 ,
https://www.sciencedirect.com/science/article/pii/S2667010021002468

### 2. കാലപഴക്കത്താൽ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ മൈക്രോപ്ലാസ്റ്റിക്കുകളായി മാറുകയും എല്ലായിടത്തേക്കും വ്യാപിക്കുകയും ചെയ്യുന്നു

5 മില്ലീമീറ്ററിനു താഴെ വലുപ്പമുള്ളവയാണ് മൈക്രോപ്ലാസ്റ്റിക്കുകൾ; അതായത് ഒരു എള്ളിൻമണിയോളം മാത്രം വലുപ്പം !! ഈ വലുപ്പക്കുറവ് അവ ശേഖരിക്കുകയും തരംതിരിക്കുകയും ചെയ്യുന്ന പ്രവർത്തി കഠിനകരമാക്കുന്നു.

ഇക്കാലത്ത് മൈക്രോപ്ലാസ്റ്റിക്കുകൾ എല്ലായിടത്തും കണ്ടുവരുന്നു; മണ്ണിൽ, വായുവിൽ, സമുദ്രങ്ങളിൽ, എന്തിനേറെ നാം ഭക്ഷണത്തിൽ ചേർക്കുന്ന ഉപ്പിൽ വരെ...



## നിങ്ങൾക്കറിയാമോ ?

2022-ൽ ആദ്യമായി ശാസ്ത്രജ്ഞർ അന്റാർട്ടിക്കയിൽ പുതുതായി രൂപം കൊണ്ട മഞ്ഞുപാളികളിൽ മൈക്രോപ്ലാസ്റ്റിക്കുകൾ കണ്ടെത്തി. 6000 കിലോമീറ്ററുകൾക്കപ്പുറത്തു നിന്ന് എത്തിയതായിരിക്കണം ഈ മൈക്രോപ്ലാസ്റ്റിക്കുകൾ...

അവ ഇത്രയും ദൂരം സഞ്ചരിച്ചെത്തിയതെങ്ങിനെ ?



ഉറവിടം: https://tc.copernicus.org/articles/16/2127/2022/tc-16-2127-2022.html



## 3.

മൈക്രോ പ്ലാസ്റ്റിക്കുകൾ പരിസ്ഥിതിയിൽ നിറയുകയും പല വഴികളിലൂടെ മനുഷ്യൻ ഉൾപ്പടെയുള്ള ജീവജാലങ്ങൾക്കുള്ളിലേക്ക് എത്തിച്ചേരുകയും ചെയ്യുന്നു.

ചെടികൾ അവയുടെ വേരുകളിലൂടെ മൈക്രോ പ്ലാസ്റ്റിക്കുകൾ ആഗിരണം ചെയ്യുന്നു. മത്സ്യങ്ങളും മറ്റു ജലജീവികളും ഇര അല്ലെങ്കിൽ ഭക്ഷണമെന്നു കരുതി മൈക്രോ പ്ലാസ്റ്റിക്കുകൾ ഭക്ഷിക്കുന്നു. മാംസാഹാരികളായ ജീവികൾ ഈ ജീവികളെ ഭക്ഷിക്കുന്നതിലൂടെ മൈക്രോ പ്ലാസ്റ്റിക്കുകൾ അവയുടെ ശരീരത്തിലെത്തുന്നു. തത്ഫലമായി പഴങ്ങൾ, പച്ചക്കറികൾ, മത്സ്യം, മാംസം എന്നിവയിലൂടെ മൈക്രോ പ്ലാസ്റ്റിക്കുകൾ നാം മനുഷ്യരുടെ തീൻമേശകളിൽ എത്തുന്നു.

ശ്വാസകോശം, കരൾ തുടങ്ങിയ മനുഷ്യരുടെ ആന്തരികാവയവങ്ങളിലും ദാനപ്രക്രിയയിലൂടെ ശേഖരിച്ച രക്തത്തിലും മുലപ്പാലിലും വരെ മൈക്രോ പ്ലാസ്റ്റിക്കുകളുടേയും നാനോ പ്ലാസ്റ്റിക്കുകളുടേയും (മൈക്രോ പ്ലാസ്റ്റിക്കുകളേക്കാൾ ചെറിയ വലുപ്പത്തിലുള്ളവ) സാന്നിദ്ധ്യം ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്.

## നിങ്ങൾക്ക് അറിയാമോ ?

ഒരു ആഗോള പഠനപ്രകാരം,

**ഒരു മനുഷ്യൻ ഒരു ആഴ്ച്ചയിൽ ശരാശരി ഏകദേശം 5 ഗ്രാം മൈക്രോപ്ലാസ്റ്റിക്കുകൾ ഭക്ഷിക്കുന്നുണ്ട്.**

ഇത് ഏകദേശം ഒരു ഡെബിറ്റ് കാർഡിന്റെ അല്ലെങ്കിൽ അഞ്ച് പേപ്പർ ക്ലിപ്പുകളുടെ ഭാരത്തോളം വരും.

ഉറവിടം: https://wwfint.awsassets.panda.org/downloads/plastic_ingestion_web_spreads_1.pdf



## 4.

പ്ലാസ്റ്റിക് മാലിന്യങ്ങൾ പരിസ്ഥിതിയിൽ നിലനിൽക്കുമ്പോൾ തന്നെ നാം കൂടുതൽ കൂടുതൽ മാലിന്യങ്ങൾ പുറന്തള്ളികൊണ്ടിരിക്കുന്നു.

പ്ലാസ്റ്റിക് ഒരുപാടുകാലം നശിക്കാതിരിക്കുന്നതിനാൽ ലോകത്തിൽ ഇന്നുവരെ നിർമ്മിക്കപ്പെട്ട പ്ലാസ്റ്റിക്കിന്റെ ഭൂരിഭാഗവും ഒരു രൂപത്തിൽ അല്ലെങ്കിൽ മറ്റൊരു രൂപത്തിൽ ഭൂമിയിൽ നിലനിൽക്കുന്നു. ദശാബ്ദങ്ങളോളം അല്ലെങ്കിൽ ശതാബ്ദങ്ങളോളം ഇവ ഇങ്ങനെ നിലനിൽക്കുകയും ചെയ്യും

ഇങ്ങനെയെല്ലാമായിട്ടും നാം SUPP ഉൾപ്പടെയുള്ള പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുകയും ഉപയോഗിക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. കഴിഞ്ഞ 40 വർഷങ്ങൾക്കൊണ്ട് ആഗോള പ്ലാസ്റ്റിക് ഉത്പാദനം നാലിരട്ടിയിൽ അധികമായി വർദ്ധിച്ചിരിക്കുന്നു. 2030–ഓടെ സമുദ്രങ്ങളിലേയും മറ്റു ജലാശയങ്ങളിലേയും പ്ലാസ്റ്റിക് മലിനീകരണം നിലവിലുള്ളതിന്റെ ഇരട്ടിയിൽ അധികമാകുമെന്ന് കണക്കാക്കപ്പെടുന്നു

ഉറവിടം:

United Nations Environment Programme (2021). From Pollution to Solution: A global assessment of marine litter and plastic pollution. Synthesis. Nairobi.




**2050–ഓടെ സമുദ്രങ്ങളിലുള്ള പ്ലാസ്റ്റിക്കിന്റെ മൊത്തം ഭാരം മുഴുവൻ മത്സ്യസമ്പത്തിന്റേയും ഭാരത്തെ മറികടക്കും !**

ഉറവിടം: https://www.weforum.org/press/2016/01/more-plastic-than-fish-in-the-ocean-by-2050-report-offers-blueprint-for-change/

## 5. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശരിയായ രീതിയിൽ കൈകാര്യം ചെയ്യപ്പെടുന്നില്ല

നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്കുകൾ ഭൂരിഭാഗവും പാതയോരങ്ങളിലോ തുറന്ന സ്ഥലങ്ങളിലോ എത്തപ്പെടുന്നു, അല്ലെങ്കിൽ മണ്ണിൽ കുഴിച്ചു മൂടപ്പെടുന്നു, അതുമല്ലെങ്കിൽ ഓടകളിലോ അഴുക്കുചാലുകളിലോ എത്തപ്പെടുന്നു. ഓടകളിൽ/അഴുക്കുചാലുകളിൽ നിന്നും കുളങ്ങളിലേക്കും തടാകങ്ങളിലേക്കും പുഴകളിലേക്കും അവിടെ നിന്ന് സമുദ്രങ്ങളിലേക്കും ഈ പ്ലാസ്റ്റിക്കുകൾ എത്തുന്നു. ജലാശയങ്ങൾക്കടുത്ത് കുന്നുകൂടപ്പെടുന്ന മാലിന്യകൂമ്പാരങ്ങളിൽ നിന്നും അവ ജലത്തിലേക്കെത്തുന്നു. റീസൈക്കിൾ ചെയ്യപ്പെടാവുന്നതും ജൈവ വിഘടനം സാധ്യമായതുമായ മാലിന്യങ്ങൾ തരംതിരിച്ചതിനു ശേഷം ഖരമാലിന്യങ്ങൾ സംസ്കരിക്കേണ്ടയിടങ്ങളിൽ പോലും റീസൈക്കിൾ ചെയ്യാവുന്ന പ്ലാസ്റ്റിക്കുകൾ അടിഞ്ഞുകൂടുന്നതായി കാണപ്പെടുന്നു.

# പ്ലാസ്റ്റിക് മാലിന്യങ്ങളുടെ വിധി

**ആഗോളതലത്തിൽ, 1950 മുതൽ 2015 വരെ, 65 വർഷങ്ങൾ**

**8.3 ശതകോടി ടൺ**

പ്ലാസ്റ്റിക് ഉത്പാദിപ്പിക്കപ്പെട്ടു

**6.3 ശതകോടി ടൺ**

പ്ലാസ്റ്റിക് മാലിന്യമായി മാറി



ഏകദേശം **12%** പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചു കളയപ്പെടുന്നു.

**9%** പ്ലാസ്റ്റിക് മാലിന്യങ്ങൾ മാത്രം റീസൈക്കിൾ ചെയ്യപ്പെടുന്നു.

ഏകദേശം **79%** പ്ലാസ്റ്റിക് മാലിന്യങ്ങൾ കുഴിച്ചു മൂടപ്പെടുകയോ പരിസ്ഥിതിയിൽ എത്തിച്ചേരുകയോ ചെയ്യപ്പെട്ടിരിക്കുന്നു.

ഉറവിടം: https://www.science.org/doi/10.1126/sciadv.1700782

ഈ സംഖ്യകൾ ഭയാനകമായി തോന്നാം, പക്ഷേ ആശ്വാസത്തിന് വകയുണ്ട് !! പ്ലാസ്റ്റിക്കിന്റെ ഈ കൂറ്റൻ തിരമാലകളെ നമുക്കു തിരിച്ചുവിടാം. പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പോരാടുവാൻ നമുക്ക് ഓരോരുത്തർക്കും സാധിക്കും. നാം അതിന് ഈ നിമിഷം തുടക്കം കുറിക്കുകയാണ്.

**ടൈഡ് ടേണേഴ്സ് പ്ലാസ്റ്റിക് ചലഞ്ച് നമുക്ക് ആരംഭിക്കാം, അതിലൂടെ നിങ്ങളുടെ മാറ്റത്തിന്റെ യാത്രയും... !!**

# ചലഞ്ച് വിഭാഗങ്ങൾ :

നിങ്ങൾ താഴെ പറയുന്ന വിഭാഗങ്ങളിൽ ഏതിൽപ്പെടുന്നു ?

- **വ്യക്തി**
- **സംഘങ്ങൾ** : വിദ്യാലയങ്ങൾ / ഇക്കോ ക്ലബ്ബുകൾ / യുവ സംഘങ്ങൾ അഥവാ യുവ പ്ര സ്ഥാനങ്ങൾ
- **പ്രത്യേക വിഭാഗങ്ങൾ** : സ്ഥാപനങ്ങൾ / പാർശ്വവത്കരിക്കപ്പെട്ട യുവജനതക്കൊപ്പം പ്രവർത്തിക്കുന്ന സംഘങ്ങൾ / പരമ്പരാഗത ജനവിഭാഗങ്ങൾ / ഭിന്നശേഷി വിഭാഗങ്ങൾ
- **നാഷണൽ കേഡറ്റ് കോർപ്സ്**
- **തൊഴിലിടങ്ങളിലെ യുവജനങ്ങൾ**

## വ്യക്തികൾ

**www.tide-turners.org** എന്ന വെബ്സൈറ്റിൽ വ്യക്തി എന്ന നിലയിൽ സൈൻ-അപ്പ് ചെയ്ത് നിങ്ങളുടെ ചലഞ്ച് യാത്ര തുടങ്ങുക.

**ലെവൽ 1 : എൻട്രി ലെവൽ**

ടൈഡ് ടേണേഴ്സ് ടൂൾകിറ്റ് വായിച്ചു മനസ്സിലാക്കുകയും പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ്-ൽ പങ്കെടുക്കുകയും ചെയ്യുക.

50% ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകിയാൽ ഈ ലെവൽ വിജയകരമായി പൂർത്തിയാക്കാം.

**ലെവൽ 2 : ലീഡർ ലെവൽ**

ആദ്യപടിയായി സിംഗിൾ-യൂസ് പ്ലാസ്റ്റിക്കിനെക്കുറിച്ചും അവയുടെ നിരോധനത്തെക്കുറിച്ചും പൊതുജന അവബോധം എത്രത്തോളമെന്ന് മനസ്സിലാക്കുവാനായി കുറഞ്ഞത് 10 പേരെയെങ്കിലും ഉൾപ്പെടുത്തി ഒരു സർവ്വേ നടത്തുക.

സർവ്വേ ചോദ്യാവലി നിങ്ങളുടെ ഡാഷ്ബോർഡിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്

സർവ്വേക്കായി താഴെ പറയുന്ന വിഭാഗങ്ങളിൽ ഏതെങ്കിലും ഒന്ന് തെരെഞ്ഞെടുക്കാവുന്നതാണ്

- ഓപ്ഷൻ 1 : ഹോട്ടലുകൾ, റസ്റ്ററന്റുകൾ/ ഭക്ഷണശാലകൾ / ആതിഥ്യസേവന സ്ഥാപനങ്ങൾ
- ഓപ്ഷൻ 2 : വീടുകൾ / വീട്ടുസമൂഹങ്ങൾ
- ഓപ്ഷൻ 3 : പഴം / പച്ചക്കറി / മറ്റ് വസ്ക്കുക്കൾ വിൽക്കുന്ന ചന്തകൾ / വ്യാപാരസമുച്ചയങ്ങൾ

അടുത്തപടിയായി സർവ്വേ ഫലങ്ങൾ പരിശോധിച്ച് സാധ്യമായ പരിഹാരങ്ങളെന്തെന്ന് കണ്ടെത്തുക.

താഴെ പറയുന്നവ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക.

i. സർവ്വേയിൽ പങ്കെടുന്നവരുമൊത്തുള്ള / സർവ്വേ നടത്തുന്ന ചിത്രങ്ങൾ
ii. സർവ്വേ ഫലങ്ങൾ / കണ്ടെത്തലുകൾ എന്നിവയെക്കുറിച്ചുള്ള ചെറു റിപ്പോർട്ട്





**ലെവൽ 3 : ചാമ്പ്യൻ ലെവൽ**

ഒരു ചാമ്പ്യനാകുവാൻ താഴെ പറയുന്ന പ്രവർത്തനങ്ങളിൽ ഏതെങ്കിലും ഒന്ന് നടപ്പിലാക്കൂ.

**പ്രവർത്തനം 1 : സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുക**

Step 1: ആദ്യപടിയായി ലീഡർ ലെവൽ പ്രവർത്തനങ്ങൾക്കിടയിൽ കണ്ടെത്തിയതോ മറ്റോ ആയ ഒരു കൂട്ടം ആളുകളെ അഥവാ ഒരു സംഘത്തെ സ്വാധീനിക്കുവാനും അവരിൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക്കിനെതിരായ കാഴ്ച്ചപ്പാട് വളർത്തിയെടുക്കുവാനും അവരുടെ സ്ഥാപനങ്ങളിൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുവാനും വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുക. ഇതിനായി **www.tide-turners.org** വെബ്സൈറ്റിലെ ലൈബ്രറിയിലെ റിസോഴ്സസ് ഉപയോഗിക്കാവുന്നതാണ്.

യജ്ഞപങ്കാളികൾക്കൊപ്പമുള്ള ആശയവിനിമയങ്ങളുടേയും പ്രവർത്തനങ്ങളുടേയും ചിത്രങ്ങൾ പകർത്തുവാൻ മറക്കാതിരിക്കുക.

Step 2: അടുത്തപടിയായി പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നവരുടെ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണ ചട്ടങ്ങൾ പ്രകാരം ഒരോ തരം മാലിന്യങ്ങൾക്കും നിർദ്ദേശിക്കപ്പെട്ട നിറങ്ങളിലുള്ള ചവറ്റുകുട്ടകൾ സ്ഥാപിക്കുവാനും അവയുപയോഗിച്ച് മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിക്കുവാനും വേണ്ട നടപടികൾ പ്രോത്സാഹിപ്പിക്കുക.

Step 3: ഒരാഴ്ച്ചക്കുശേഷം പ്രവർത്തനം വിലയിരുത്തുകയും വ്യക്തികളുടെ സമീപനത്തിലും പ്രവൃത്തികളിലും എന്തെല്ലാം മാറ്റങ്ങൾ ഉണ്ടായെന്ന് കണ്ടെത്തുകയും ചെയ്യുക.

Step 4: സ്ഥാപന ഉടമയോട് ചർച്ച ചെയ്ത് സ്ഥാപത്തിൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുവാനുള്ള പ്രതിജ്ഞയെടുപ്പിക്കുക.

താഴെ പറയുന്നവ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക.

i. പ്രസ്തുത സ്ഥാപനങ്ങളിലെ നിങ്ങളുടെ പ്രവർത്തനങ്ങളുടെ ഒരു ചെറു റിപ്പോർട്ട്
ii. സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കുന്നതിന് മുമ്പുള്ള 5 ചിത്രങ്ങൾ
iii. സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കിയതിന് ശേഷമുള്ള 5 ചിത്രങ്ങൾ

**പ്രവർത്തനം 2 : ഒരു ശുചീകരണയജ്ഞം സംഘടിപ്പിക്കുക**



Step 1: ഒരു പ്ലാസ്റ്റിക് ശുചീകരണ യജ്ഞം സംഘടിപ്പിക്കുകയും അതിൽ സമൂഹത്തിലെ നാനാ തുറകളിൽ നിന്നുള്ള വ്യക്തികളെ പങ്കെടുപ്പിക്കുകയും ചെയ്യുക.

Step 2: ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ഭാരം (കിലോഗ്രാമിൽ) അളന്നു തിട്ടപ്പെടുത്തി രേഖപ്പെടുത്തുക.

Step 3: ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രാദേശിക മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് / സംവിധാനങ്ങൾക്ക് കൈമാറുക.

ശുചീകരണ യജ്ഞത്തിന് മുമ്പും ശേഷവുമുള്ള ആ പ്രദേശത്തിന്റെ ചിത്രങ്ങൾ പകർത്തുവാൻ മറക്കാതിരിക്കുക.

Step 4: സ്ഥായിയായ / ദീർഘകാല അടിസ്ഥാനത്തിലുള്ള നല്ല ഫലങ്ങൾക്കായി പ്രാദേശിക മാലിന്യ സംസ്കരണ യൂണിറ്റുകളെ / സംവിധാനങ്ങളെ യജ്ഞപങ്കാളികളുമായി ബന്ധപ്പെടുത്തുക.

താഴെ പറയുന്നവ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക.

i. ശുചീകരണ യജ്ഞത്തിന് മുമ്പുള്ള ആ പ്രദേശത്തിന്റെ 5 ചിത്രങ്ങൾ
ii. ശുചീകരണ യജ്ഞത്തിന് ശേഷമുള്ള ആ പ്രദേശത്തിന്റെ 5 ചിത്രങ്ങൾ



# പശ്ചാത്തല വിവരങ്ങൾ: ഭാഗം – 02

അടുത്ത ഘട്ടത്തിലെ പ്രവർത്തനങ്ങളിലേക്ക് കടക്കുന്നതിനു മുൻപ് പ്ലാസ്റ്റിക് മലിനീകരണത്തെക്കുറിച്ചും അത് പരിസ്ഥിതിയിൽ ഉണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചും കൂടുതൽ അടുത്തറിയാം.

## പ്ലാസ്റ്റിക് എങ്ങിനെ ഭൂമിയെ ദോഷകരമായി ബാധിക്കുന്നു ?

മണ്ണ്, ജലം, വായു എന്നിവയെ എല്ലാം സാരമായി ബാധിക്കുന്ന പ്ലാസ്റ്റിക് മലിനീകരണം പരസ്പര ബന്ധിത പ്രഭാവങ്ങളിലൂടെ ഭൂമിയിലെ എല്ലാ ജീവജാലങ്ങളിലും അനന്തരഫലങ്ങൾ ഉണ്ടാക്കുന്നു.

പ്ലാസ്റ്റിക് മാലിന്യങ്ങൾ തോടുകൾ, ഓടകൾ, അഴുക്കുചാലുകൾ തുടങ്ങിയവയെ തടസ്സപ്പെടുത്തുകയും തന്മൂലം നഗരങ്ങളിലും ചെറുപട്ടണങ്ങളിലും വെള്ളക്കെട്ടിനും വെള്ളപ്പൊക്കത്തിനും കാരണമാകുകയും ചെയ്യുന്നു.



പ്ലാസ്റ്റിക് മാലിന്യങ്ങൾ കത്തിച്ചു കളയുമ്പോൾ ഹാനികരമായ രാസവാതകങ്ങൾ അന്തരീക്ഷത്തിലേക്ക് പുറന്തള്ളപ്പെടുന്നു. കൂടാതെ പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട മറ്റു പ്രക്രിയകൾ ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുകയും ഇവ അന്തരീക്ഷതാപം ഉയർത്തുകയും അതുമൂലം കാലാവസ്ഥാ വ്യതിയാനത്തിനു കാരണമാകുകയും ചെയ്യുന്നു. ഇതുകൂടാതെ മൈക്രോപ്ലാസ്റ്റിക്കുകൾ വായുവിൽ കലരുന്നതിലൂടെയും അന്തരീക്ഷ മലിനീകരണം സംഭവിക്കുന്നു



പ്ലാസ്റ്റിക് മാലിന്യങ്ങൾ മണ്ണിന്റെ ഘടനയെ മാറ്റിമറിക്കുകയും ഹാനികരമായ രാസവസ്തുക്കൾ പുറന്തള്ളുകയും ചെയ്യുന്നു. ഇത് മണ്ണിന്റെ ഫലഭൂയിഷ്ടതയെ ഇല്ലാതാക്കുകയും തത്ഫലമായി കാർഷികവിളകളടക്കമുള്ള സസ്യജാലങ്ങളുടേയും മണ്ണിനടിയിൽ ജീവിക്കുന്ന ജീവജാലങ്ങളുടേയും ആരോഗ്യത്തെ ബാധിക്കുകയും ചെയ്യുന്നു.



ജലാശയങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ രാസവസ്തുക്കളാലും മൈക്രോപ്ലാസ്റ്റിക്കുകളാലും ജലത്തെ മലിനമാക്കുന്നു. കുഴിച്ചുമൂടപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും പുറത്തുവരുന്ന രാസവസ്തുക്കൾ ഭൂഗർഭജലത്തെ മലിനമാക്കുന്നു; ഇവ നമ്മുടെ കുടിവെള്ളസ്രോതസ്സുകളെ ബാധിക്കുന്നു.

സമുദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് ജലത്തിനാലും സൂര്യപ്രകാശത്തിനാലും വിഘടനം സംഭവിക്കുകയും അവ ഹരിതഗൃഹ വാതകങ്ങളും രാസവസ്തുക്കളും പുറന്തള്ളുകയും തുടർന്ന് സമുദ്രജീവജാലങ്ങൾക്ക് ഹാനികരമായി ഭവിക്കുകയും ചെയ്യുന്നു.

നിരവധി ജീവികൾ പ്ലാസ്റ്റിക് മാലിന്യങ്ങൾക്കിടയിൽപ്പെട്ട് ചത്തൊടുങ്ങുന്നു. അതുപോലെ നിരവധി ജീവികൾ പ്ലാസ്റ്റിക് മാലിന്യങ്ങളെ ആഹാരമായി തെറ്റിദ്ധരിക്കുകയും ഭക്ഷിക്കുകയും ചെയ്യുന്നു. ജലത്തിൽ ഒഴുകിനടക്കുന്ന /അടിഞ്ഞു കൂടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ, രാസവസ്തുക്കൾ ആഗിരണം ചെയ്യുന്നതോടൊപ്പം പുറന്തള്ളുകയും ജീവജാലങ്ങളിലേക്ക് പകരുകയും ചെയ്യുന്നു; ഇതും സമുദ്രജീവജാലങ്ങൾക്ക് ഹാനികരമായി ഭവിക്കുന്നു !

# നമ്മുടെ ‘പ്ലാസ്റ്റിക് സമുദ്രങ്ങൾ’

**പ്ലാസ്റ്റിക് മാലിന്യങ്ങൾ എവിടെപ്പോകുന്നു ? സമുദ്രങ്ങളിലേക്ക് !!**

ഓരോ വർഷവും ഏകദേശം
**11 ദശലക്ഷം ടൺ** പ്ലാസ്റ്റിക് സമുദ്രങ്ങളിലേക്ക് പുറന്തള്ളപ്പെടുന്നു. ഓരോ മിനിറ്റിലും ഒരു സാധാരണ മാലിന്യശേഖരണ ട്രക്ക് നിറയെ മാലിന്യങ്ങൾ സമുദ്രത്തിൽ നിക്ഷേപിക്കുന്നത് തുല്യമാണത്.






സമുദ്രമാലിന്യങ്ങളിൽ ഏറ്റവും കുറഞ്ഞത് **85% പ്ലാസ്റ്റിക്കാണ്.** പുഴകളിലൂടെ ഒഴുകിയെത്തുന്നവയാണ് ഇവയിലധികവും.

പ്ലാസ്റ്റിക് മാലിന്യങ്ങൾ ഇന്ന് സർവ്വവ്യാപകമായിരിക്കുന്നു; ലോകമെമ്പാടും മഹാസമുദ്രങ്ങളിലും ചെറുസമുദ്രഭാഗങ്ങളിലും അവ കണ്ടുവരുന്നു. **സമുദ്രത്തിലെ ഏറ്റവും ആഴമേറിയ സ്ഥലമായ മറിയാന ഗർത്തത്തിൽ വരെ പ്ലാസ്റ്റിക്കിന്റെ സാന്നിദ്ധ്യം കണ്ടെത്തിയിട്ടുണ്ട്.**

ഇവ കടൽപ്പക്ഷികൾ, മത്സ്യങ്ങൾ, ഡോൾഫിനുകൾ, കടലാമകൾ മുതലായ എല്ലാ ജീവജാലങ്ങൾക്കും വൻഭീഷണിയാണ് സൃഷ്ടിക്കുന്നത്. സമുദ്രമാലിന്യങ്ങളിൽ കുരുങ്ങിയും അവ ഭക്ഷിച്ചും 800–ൽ അധികം ഇനം ജീവജാലങ്ങൾക്ക് പരിക്ക് പറ്റുകയോ ജീവൻ നഷ്ടപ്പെടുകയോ ചെയ്യുന്നു. ശാസ്ത്രജ്ഞരുടെ അനുമാനപ്രകാരം 2050–ഓടെ 99% കടൽപ്പക്ഷികളും പ്ലാസ്റ്റിക് ഭക്ഷിക്കാനിടയുണ്ട്.

ഉറവിടം: https://www.unep.org/interactives/pollution-to-solution/?lang=EN ; https://www.pnas.org/doi/full/10.1073/pnas.1502108112 ; https://news.un.org/en/story/2016/12/547032

## നിങ്ങൾക്കറിയാമോ ?

ഉപേക്ഷിക്കപ്പെട്ടതും നഷ്ട്ടപ്പെട്ടതുമായ
വലകൾ മുതലായ മത്സ്യബന്ധന സാമഗ്രികൾ ജീവജാലങ്ങൾക്ക് കെണികളായി പലപ്പോഴും സമുദ്രങ്ങളിൽ കാലങ്ങളോളം തുടരുന്നു. ഇത്തരം ‘പ്രേതക്കെണികൾ’ കടൽജീവികളുടെ ജീവന് ഭീഷണിയായി മാറുകയും ചെയ്യുന്നു.

സമുദ്രമാലിന്യങ്ങളുടെ ഏകദേശം 10% ‘പ്രേതസാമഗ്രികൾ’ എന്നറിയപ്പെടുന്ന ഇത്തരം മത്സ്യബന്ധന ഉപകരണങ്ങളാണ്. ഈ ‘പ്രേതസാമഗ്രികൾ’ 66% കടൽസസ്തനികളേയും 50% കടൽപ്പക്ഷികളേയും എല്ലാ ഇനം കടലാമകളേയും ഹാനികരമായി ബാധിക്കുന്നു. കൂടാതെ ഇവ പവിഴപ്പുറ്റുകളേയും മറ്റു സമുദ്ര ആവാസ വ്യവസ്ഥകളേയും നശിപ്പിക്കുന്നു.

ഉറവിടം: https://tc.copernicus.org/articles/16/2127/2022/tc-16-2127-2022.html
https://files.worldwildlife.org/wwfcmsprod/files/Publication/file/3c1g4qur2t_ADVOCACY_REPORT_singles.pdf?_ga=2.216641302.1449930867.



# സമുദ്രത്തിലെ മാലിന്യ കൂമ്പാരങ്ങൾ

പ്ലാസ്റ്റിക് മാലിന്യങ്ങൾ സമുദ്രങ്ങളിലെ ജലപ്രവാഹത്തിനും കാറ്റിനുമനുസരിച്ച് സഞ്ചരിച്ചു കൊണ്ടിരിക്കും. കറങ്ങികൊണ്ടിരിക്കുന്ന ജലപ്രവാഹ ചുഴികൾ പ്ലാസ്റ്റിക് മാലിന്യങ്ങളെ ഒരു പ്രദേശത്തേക്ക് വലിച്ചടുപ്പിച്ച് വലിയ കൂമ്പാരമാക്കി മാറ്റുന്നു. സമുദ്രത്തിലെ ഇത്തരം മാലിന്യകൂനകൾ മൈക്രോസ്കോപ്പിലൂടെ മാത്രം കാണാവുന്ന വലുപ്പമുള്ള പ്ലാസ്റ്റിക് തരികൾ മുതൽ വളരെ വലിയ മത്സ്യബന്ധന വലകൾ വരെയുള്ള മാലിന്യങ്ങളെ ഉൾക്കൊള്ളുന്നു.

**ലോകത്തിലെ സമുദ്രങ്ങളിൽ അഞ്ചിടങ്ങളിലായി ജലപ്രവാഹചുഴികൾ ഉണ്ട്.**



**ഗ്രേറ്റ് പസഫിക് ഗാർബേജ് പാച്ച്** എന്ന് വിളിക്കപ്പെടുന്ന ഏറ്റവും വലിയ സമുദ്രമാലിന്യകൂമ്പാരത്തിന്റെ വലുപ്പം സ്പെയിൻ, ഫ്രാൻസ്, ജർമ്മനി എന്നീ രാജ്യങ്ങളുടെ മൊത്തം വലുപ്പത്തേക്കാൾ കൂടുതലാണ്



# പ്ലാസ്റ്റിക് എങ്ങിനെ മനുഷ്യരെ ദോഷകരമായി ബാധിക്കുന്നു ?

**പ്ലാസ്റ്റിക് മാലിന്യങ്ങൾ പരിസ്ഥിതിയേയും മറ്റു ജീവജാലങ്ങളേയും മാത്രമല്ല, സദൃശവും പരസ്പരബന്ധിതവുമായ ദോഷഫലങ്ങൾ മനുഷ്യരിലും ഉണ്ടാക്കുന്നു.**







## ആരോഗ്യത്തെ ബാധിക്കുന്നു

എല്ലായിടത്തും മൈക്രോ പ്ലാസ്റ്റിക്കുകൾ കാണപ്പെടുന്ന ഇക്കാലത്ത്, അവ, നാം ശ്വസിക്കുന്ന വായുവിലൂടെയും, കഴിക്കുന്ന ഭക്ഷണത്തിലൂടെയും കുടിവെള്ളത്തിലൂടെയും, സൗന്ദര്യവർദ്ധക / ചർമ്മസംരക്ഷണ വസ്തുക്കളിലടങ്ങിയ നാനോ പ്ലാസ്റ്റിക്കുകളുടെ രൂപത്തിൽ വരെ നമുക്കുള്ളിൽ എത്തപ്പെടുന്നു.

ദീർഘകാലാടിസ്ഥാനത്തിൽ ഇവ നമ്മുടെ ആരോഗ്യത്തെ എങ്ങിനെ ബാധിക്കുമെന്നത് ഇപ്പോഴും വ്യക്തമല്ല. ഗവേഷകർ അന്വേഷിച്ചു കൊണ്ടിരിക്കുന്നു; എന്നിരുന്നാലും പ്ലാസ്റ്റിക്കിൽ നിന്നും പുറത്തുവരുന്ന രാസവസ്തുക്കൾ നമ്മുടെ ആരോഗ്യത്തെ ക്ഷയിപ്പിക്കുന്നുവെന്നും അർബുദത്തിനും മറ്റ് അസുഖങ്ങൾക്കും കാരണമാകുന്നുണ്ടെന്നും അറിയാം.

## സമ്പദ്‌വ്യവസ്ഥയെ ബാധിക്കുന്നു

സ്വാഭാവിക ആവാസവ്യവസ്ഥകൾക്ക് മുകളിൽ പ്ലാസ്റ്റിക് മലിനീകരണം ഉണ്ടാക്കുന്ന ആഘാതങ്ങൾ ജനങ്ങളുടെ ഉപജീവന മാർഗ്ഗങ്ങളേയും അതിലൂടെ സമ്പദ് വ്യവസ്ഥയേയും ദോഷകരമായി ബാധിക്കുന്നു. കൃഷി, വിനോദസഞ്ചാരം, കപ്പൽ-തുറമുഖ വ്യവസായം, ജലത്തിലെ കൃഷികൾ അങ്ങിനെ നിരവധി സാമ്പത്തിക മേഖലകളെ ഇത് ബാധിക്കുന്നു. ഉദാഹരണമായി, മലിനമാക്കപ്പെട്ട കടൽത്തീരങ്ങൾ സന്ദർശിക്കുവാൻ വിനോദ സഞ്ചാരികൾ വിമുഖത കാണിക്കുന്നു; വലിയ തോതിലുള്ള ശുചീകരണങ്ങൾക്ക് ഭീമമായ തുക ആവശ്യമാണ്; ജല പാതകളിലേയും തുറമുഖങ്ങളിലേയും പ്ലാസ്റ്റിക് മാലിന്യങ്ങൾ കപ്പലുകളുടേയും തോണികളുടേയും സുഗമമായ സഞ്ചാരത്തെ തടസ്സപ്പെടുത്തുന്നു; ജലത്തെ മലിനമാക്കുന്നതിലൂടെ മത്സ്യസമ്പത്തിനെ ബാധിക്കുകയും അതിലൂടെ നിരവധി ജനങ്ങളുടെ ആഹാരത്തേയും ഉപജീവന മാർഗ്ഗങ്ങളേയും ബാധിക്കുന്നു.

## സമൂഹങ്ങളെ ബാധിക്കുന്നു

പല സമൂഹങ്ങൾക്കും പ്ലാസ്റ്റിക് മാലിന്യങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങൾക്കായി സർക്കാർ തലത്തിൽ നിന്നുള്ള പണമോ പിന്തുണയോ ലഭിക്കുന്നില്ല. ആയതിനാൽ ഇത്തരം സമൂഹങ്ങൾ വലിയ തോതിൽ പ്ലാസ്റ്റിക് മാലിന്യങ്ങളാൽ ബാധിക്കപ്പെടുന്നു.

സ്ത്രീകൾ, കുട്ടികൾ, മാലിന്യനിർമ്മാർജ്ജന തൊഴിലാളികൾ, തീരദേശ സമൂഹങ്ങൾ, പരമ്പരാഗത ജനസമൂഹങ്ങൾ, സമുദ്രത്തെ ആശ്രയിച്ചു കഴിയുന്ന ജനങ്ങൾ, എന്നിങ്ങനെയുള്ള വിഭാഗങ്ങളിൽ പ്ലാസ്റ്റിക് മലിനീകരണം ഉണ്ടാക്കുന്ന ആഘാതം കൂടുതലാണ്.

ഇത്തരത്തിൽ പ്ലാസ്റ്റിക് മലിനീകരണം ഓരോ വ്യക്തികളുടേയും ജീവിതനിലവാരത്തെ എങ്ങിനെ ബാധിക്കുന്നുവെന്നു കാണാനാകും.



## ഗ്രൂപ്പുകൾ: ഇക്കോക്ലബ്ബുകൾ, യുവജന സംഘങ്ങൾ / പ്രസ്ഥാനങ്ങൾ

ഒരു സംഘമെന്ന നിലയിലും നിങ്ങൾക്ക് ചലഞ്ചിൽ പങ്കെടുക്കാം. ഒരു കോർഡിനേറ്റർ/നേതാവ് ഉൾപ്പടെ കുറഞ്ഞത് അഞ്ച് പേർ ചേർന്ന് ഒരു സംഘം രൂപീകരിക്കാം. **www.tide-turners.org** എന്ന വെബ്സൈറ്റിൽ സംഘം എന്ന നിലയിൽ സൈൻ-അപ്പ് ചെയ്ത് നിങ്ങളുടെ ചലഞ്ച് യാത്ര തുടങ്ങുക.

**ലെവൽ 1 : എൻട്രി ലെവൽ**

ആദ്യ പടി: അറിയുക, പഠിക്കുക – സംഘാംഗങ്ങൾക്കായി ടൈഡ് ടേണേഴ്സ് ടൂൾകിറ്റ് അടിസ്ഥാനമാക്കി ഒരു ചർച്ച / പഠനശിബിരം സംഘടിപ്പിക്കുക.

രണ്ടാം പടിയായി പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് ഡൗൺലോഡ് ചെയ്യുക

മൂന്നാം പടി: സംഘാംഗങ്ങൾക്കായി പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് നടത്തുക.

പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് ചോദ്യങ്ങൾ അച്ചടിക്കുകയോ സ്ക്രീനിൽ പ്രദർശിപ്പിക്കുകയോ ബോർഡിൽ എഴുതുകയോ ചെയ്യാവുന്നതാണ്

നാലാമത്തെ പടിയായി സംഘാംഗങ്ങളുടെ ഉത്തരക്കടലാസുകൾ പരിശോധിച്ച് വിലയിരുത്തുക

താഴെ പറയുന്നവ വിവരങ്ങൾ അറിയിക്കുക.

i. സംഘാംഗങ്ങളിൽ എത്ര പേർ പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റിൽ പങ്കെടുത്തു?

ii. എത്ര പേർ കുറഞ്ഞത് 50% ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകി ഈ ലെവൽ വിജയകരമായി പൂർത്തിയാക്കി ?

ചർച്ചകളുടേയും പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റിന്റേയും ചിത്രങ്ങൾ പകർത്തുവാൻ മറക്കാതിരിക്കുക.

**ലെവൽ 2 : ലീഡർ ലെവൽ**

നിങ്ങളുടെ വിദ്യാലയത്തിലോ / സ്ഥാപനത്തിലോ / ചുറ്റുവട്ടങ്ങളിലോ ഒരു **സിംഗിൾ-യൂസ് പ്ലാസ്റ്റിക് ബോധവത്ക്കരണ യജ്ഞം** സംഘടിപ്പിക്കുക. മികച്ച ഫലങ്ങൾക്കായി കുറഞ്ഞത് രണ്ട് ദിവസമെങ്കിലും ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുക. ഈ ലെവൽ വിജയകരമായി പൂർത്തിയാക്കുവാനായി താഴെ പറയുന്നവയിൽ ഏതെങ്കിലും രണ്ട് പ്രവർത്തനങ്ങളെങ്കിലും സംഘടിപ്പിക്കുക.

ബോധവത്ക്കരണ യജ്ഞ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ:

- ഓപ്ഷൻ 1 : സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട പ്രദർശനം സംഘടിപ്പിക്കുക.
- ഓപ്ഷൻ 2 : സംവാദം / പ്രശ്നോത്തരി /ഗാനരചന /ചുവർചിത്രം / പോസ്റ്റർ നിർമ്മാണം തുടങ്ങിയവയിൽ ഏതെങ്കിലുമൊന്നിൽ മത്സരം സംഘടിപ്പിക്കുക.
- ഓപ്ഷൻ 3 : ഒരു ബോധവത്ക്കരണ റാലി / തെരുവുനാടകം/ സംഗീത ശില്പം തുടങ്ങിയവയിൽ ഏതെങ്കിലുമൊന്ന് സംഘടിപ്പിക്കുക.
- ഓപ്ഷൻ 4 : ഒരു വിദഗ്ദ്ധനെ ക്ഷണിച്ചു കൊണ്ട് സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട ഒരു സമ്പർക്ക പരിപാടി / സംവാദം സംഘടിപ്പിക്കുക.
- ഓപ്ഷൻ 5 : ബോധവത്ക്കരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ഒരു പരിപാടി സംഘടിപ്പിക്കുക.

മാധ്യമങ്ങളിലൂടെ നിങ്ങളുടെ പ്രവർത്തനങ്ങളെ മറ്റു മേഖലകളിലേക്ക് എത്തിക്കുക. പരിപാടികളുടെ ചിത്രങ്ങൾ പങ്കുവെക്കുവാൻ മറക്കാതിരിക്കുക.

ചലഞ്ച് പ്രവർത്തനങ്ങൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ടുവെന്നു കരുതുന്നു. അടുത്ത തലത്തിലേക്ക് കടക്കുവാനായി താഴെ പറയുന്നവ വിവരങ്ങൾ അറിയിക്കുക.

i. സംഘടിപ്പിക്കപ്പെട്ട പരിപാടികളുടെ എണ്ണം

ii. പരിപാടികളുടെ വിശദ വിവരങ്ങൾ; ഏത് തരം? എപ്പോഴൊക്കെ ?

iii. പരിപാടികളിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം

iv. പരിപാടികളിലൂടെ എത്ര പേരിലേക്ക് അറിവുകൾ പകരാനായി ?

v. പരിപാടികളിൽ പങ്കെടുത്ത മറ്റുള്ളവർ ആരെല്ലാം ?



**ലെവൽ 3 : ചാമ്പ്യൻ ലെവൽ**

**ഓപ്ഷൻ A** : ഒരു **ശുചീകരണ യജ്ഞം** സംഘടിപ്പിക്കുക

പ്രവർത്തനങ്ങൾക്ക് വേണ്ടതായ മുൻകൂർ അനുമതികൾ, ശരിയായ ശുചിത്വ-ആരോഗ്യ മുൻകരുതലുകൾ എന്നിവ ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുക.

**Step 1:** നിങ്ങളുടെ സമീപത്തുള്ള ഏതെങ്കിലും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശം കണ്ടെത്തുക

**Step 2:** നിങ്ങളുടെ എല്ലാ സംഘാംഗങ്ങളെയും ഉൾപ്പെടുത്തി ഒരു ശുചീകരണ യജ്ഞം സംഘടിപ്പിക്കുക

**Step 3:** ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ഭാരം (കിലോഗ്രാമിൽ) അളന്നു തിട്ടപ്പെടുത്തി രേഖപ്പെടുത്തുക.

**Step 4:** ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രാദേശിക മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് കൈമാറുക.

> ശുചീകരണ യജ്ഞത്തിനായി ഒരു പ്രകൃതിലോല പ്രദേശം തെരെഞ്ഞെടുക്കുക – നദീതീരം /കായൽതീരം/ തടാകങ്ങൾ/ കുളങ്ങൾ/ കടൽത്തീരം / കുന്നിൻ പ്രദേശങ്ങൾ / ദേശീയോദ്യാനം

> ശുചീകരണ യജ്ഞത്തിന് മുമ്പും ശേഷവുമുള്ള ആ പ്രദേശത്തിന്റെ ചിത്രങ്ങൾ പകർത്തുവാൻ മറക്കാതിരിക്കുക

പ്രവർത്തനങ്ങളിലൂടെ നിങ്ങൾ കൈവരിച്ച ലക്ഷ്യങ്ങളെക്കുറിച്ച് / ബന്ധപ്പെട്ട വിവരങ്ങൾ ഞങ്ങളോട് പറയൂ.

i. ശുചീകരണ യജ്ഞത്തിനായി നിങ്ങൾ തെരെഞ്ഞെടുത്ത സ്ഥലം
ii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം
iii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത മറ്റുള്ളവർ ആരെല്ലാം ? ശുചീകരണ തൊഴിലാളികൾ, മാലിന്യങ്ങൾ ശേഖരിക്കുന്നവർ / സംസ്കരിക്കുന്നവർ etc.
iv. ശേഖരിക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആകെ ഭാരം

**ഓപ്ഷൻ B** : ഒരു **മാലിന്യ തരംതിരിക്കൽ-ശേഖരണ-നിർമ്മാർജ്ജന സംവിധാനം** തയ്യാറാക്കുക

**Step 1:** ഒരു മാലിന്യ തരംതിരിക്കൽ-ശേഖരണ-നിർമ്മാർജ്ജന സംവിധാനം തയ്യാറാക്കുക

**Step 2:** സിംഗിൾ യൂസ് പ്ലാസ്റ്റിക് ഉപയോഗം കുറക്കുക / ബദൽ വസ്തുക്കൾ അഥവാ ഉത്പന്നങ്ങൾ കണ്ടെത്തുക, കൂടാതെ ഇവക്കായി ഒരു സംരംഭം തുടങ്ങുക

**Step 3:** സമൂഹത്തിന്റെ താഴേത്തട്ടിൽ മാറ്റങ്ങൾ കൊണ്ടുവരുവാൻ ഉതകുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക

താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങിയ ഒരു **റിപ്പോർട്ട്** തയ്യാറാക്കുക

i. പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ടെത്തിയ പരിഹാരങ്ങൾ / ബദൽ വസ്തുക്കൾ
ii. നിർമ്മാർജ്ജന സംവിധാനങ്ങളുടെയും ബദൽ സംവിധാനങ്ങളുടെയും ചെറുവിവരണം

താഴെ പറയുന്നവ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുക.

i. പ്രവർത്തനങ്ങളുടെ 5 ചിത്രങ്ങൾ



പാർശ്വവത്കരിക്കപ്പെട്ടവരുടെ, തദ്ദേശീയ ജനതയുടെ, അംഗപരിമിത സമൂഹങ്ങളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘങ്ങൾ/സ്ഥാപനങ്ങൾ എന്നിവർക്ക് **www.tide-turners.org** എന്ന വെബ്സൈറ്റിൽ സംഘം എന്ന നിലയിൽ സൈൻ-അപ്പ് ചെയ്യാവുന്നതാണ്



**ലെവൽ 1 : എൻട്രി ലെവൽ**

**Step 1:** സംഘാംഗങ്ങൾക്കായി ബോധവത്ക്കരണ പരിപാടി സംഘടിപ്പിക്കുക.

**Step 2:** സംഘാംഗങ്ങൾക്കായി പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് നടത്തുക.

**Step 3:** സംഘാംഗങ്ങളുടെ ഉത്തരക്കടലാസുകൾ പരിശോധിച്ച് വിലയിരുത്തുക.

താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുക.

i. സംഘാംഗങ്ങളിൽ എത്ര പേർ പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റിൽ പങ്കെടുത്തു?
ii. എത്ര പേർ കുറഞ്ഞത് 50% ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകി ഈ ലെവൽ വിജയകരമായി പൂർത്തിയാക്കി ?

**ലെവൽ 2 : ലീഡർ ലെവൽ**

നിങ്ങളുടെ സമൂഹത്തിൽ ഒരു **സിംഗിൾ-യൂസ് പ്ലാസ്റ്റിക് ബോധവത്ക്കരണ യജ്ഞം** സംഘടിപ്പിക്കുക. ബോധവത്ക്കരണ യജ്ഞ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ താഴെ പറയുന്നു
(താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു പ്രവർത്തനമെങ്കിലും സംഘടിപ്പിക്കുക.)

**ആക്ടിവിറ്റി 1** : നിങ്ങളുടെ സ്ഥാപനത്തിലോ / ചുറ്റുവട്ടങ്ങളിലോ ഒരു ബോധവത്ക്കരണ റാലി / തെരുവുനാടകം തുടങ്ങിയവയിൽ ഏതെങ്കിലുമൊന്ന് സംഘടിപ്പിക്കുക.

**ആക്ടിവിറ്റി 2** : അദ്ധ്യാപകൻ / സംരഭകൻ / ജനപ്രതിനിധി / പ്രാദേശിക സന്നദ്ധ സേവകർ തുടങ്ങിയ ഏതെങ്കിലും ഒരു വിദഗ്ദ്ധനെ ക്ഷണിച്ചു കൊണ്ട് സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട ഒരു സമ്പർക്ക പരിപാടി സംഘടിപ്പിക്കുക.

**ആക്ടിവിറ്റി 3** : ബോധവത്ക്കരണവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ഒരു പരിപാടി സംഘടിപ്പിക്കുക.

ചലഞ്ച് പ്രവർത്തനങ്ങൾ നിങ്ങൾക്ക് ഇഷ്ട്ടപ്പെട്ടുവെന്നു കരുതുന്നു. അടുത്ത തലത്തിലേക്ക് കടക്കുവാനായി താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുക.

i. സംഘടിപ്പിക്കപ്പെട്ട പരിപാടികളുടെ എണ്ണം
ii. പരിപാടികളിൽ പങ്കെടുത്ത ആളുകളുടെ എണ്ണം
iii. പരിപാടികളിലൂടെ എത്ര പേരിലേക്ക് അറിവുകൾ പകരാനായി ?

**ലെവൽ 3 : ചാമ്പ്യൻ ലെവൽ**

താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു പ്രവർത്തനം സംഘടിപ്പിക്കുക. സംഘം എന്ന നിലയിൽ നിങ്ങൾക്ക് രണ്ട് ആക്ടിവിറ്റികളും സംഘടിപ്പിക്കാവുന്നതാണ്

**ആക്ടിവിറ്റി 1** : ഒരു **ശുചീകരണ യജ്ഞം** സംഘടിപ്പിക്കുക

**Step 1:** നിങ്ങളുടെ സ്ഥാപനത്തിലെ അദ്ധ്യാപകരുടേയോ മറ്റ് ഉദ്യോഗസ്ഥരുടേയോ സഹായത്തോടെ സംഘാംഗങ്ങളെയും ഉൾപ്പെടുത്തി ഒരു **ശുചീകരണ യജ്ഞം** സംഘടിപ്പിക്കുക

**Step 2:** അദ്ധ്യാപകരുടെ/ മറ്റ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ മാലിന്യങ്ങൾ ശേഖരിച്ച് തരംതിരിക്കുകയും മാലിന്യനിർമ്മാർജ്ജന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് കൈമാറുകയും ചെയ്യുക.

പ്രവർത്തനങ്ങളിലൂടെ നിങ്ങൾ കൈവരിച്ച ലക്ഷ്യങ്ങളെക്കുറിച്ച് / ബന്ധപ്പെട്ട വിവരങ്ങൾ ഞങ്ങളോട് പറയൂ.

i. ശുചീകരണ യജ്ഞത്തിനായി നിങ്ങൾ തെരെഞ്ഞെടുത്ത സ്ഥലം
ii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം
iii. ശേഖരിക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആകെ ഭാരം

**ആക്ടിവിറ്റി 2** : ടിടിപിസി പ്രതിജ്ഞ എടുക്കുക

നിങ്ങൾ സൃഷ്ടിക്കുന്ന എല്ലാ ചലനങ്ങളുടേയും ചിത്രങ്ങൾ പങ്കുവെക്കുവാൻ ഓർമ്മിക്കുക

# പശ്ചാത്തല വിവരങ്ങൾ

## ഭാഗം – 03

പ്ലാസ്റ്റിക് മലിനീകരണം എന്നത് അതിബൃഹത്തായ ഒരു വിഷയമാണ്; എന്നാൽ പരിഹരിക്കാവുന്നതുമാണ്. ചില പരിഹാരങ്ങളെക്കുറിച്ച് നമുക്കു മനസ്സിലാക്കാം, ഒപ്പം വിവിധ സമൂഹങ്ങൾ, രാജ്യങ്ങൾ എങ്ങിനെ പ്ലാസ്റ്റിക് മലിനീകരണത്തെ നേരിടുന്നുവെന്നും മനസ്സിലാക്കാം.

# പ്ലാസ്റ്റിക് മാലിന്യങ്ങൾ, നമുക്കെന്തു ചെയ്യാനാകും?

### A. നാം പുറന്തള്ളുന്ന മാലിന്യങ്ങളുടെ അളവ് കുറക്കുക

പ്ലാസ്റ്റിക് മലിനീകരണം കുറയ്ക്കുവാനുള്ള ഏറ്റവും പ്രധാനപ്പെട്ട മാർഗ്ഗം മാലിന്യങ്ങൾ പുറന്തള്ളുന്നത് ഇല്ലാതാക്കുക എന്നതുതന്നെയാണ്. ലളിതമായ ബദൽ മാർഗ്ഗങ്ങളിലൂടെ സിംഗിൾ-യൂസ്, അതുപോലെ പ്രശ്നകാരകങ്ങളായ പ്ലാസ്റ്റിക്കുകൾ ഒഴിവാക്കുന്നതിലൂടെ നാം പുറന്തള്ളുന്ന മാലിന്യങ്ങളുടെ അളവ് കുറക്കാനാകും.

ഒരു പ്ലാസ്റ്റിക് ഉത്പന്നം ഒഴിവാക്കുവാൻ ആകാത്ത ഒന്നാണെങ്കിൽ അതിനെ പരമാവധി തവണ ഉപയോഗിക്കുകയും ശേഷം അവ ഉപയോഗ ശൂന്യമാകുന്നതിന് / മാലിന്യമാകുന്നതിന് മുമ്പ് മറ്റേതെങ്കിലും ആവശ്യത്തിന് ഉപയുക്തമാക്കുകയും ചെയ്യാം.

വെല്ലുവിളി എന്താണ് ? വിലകുറവും ബഹുവിധ ഉപയോഗവും പ്ലാസ്റ്റിക്കിനെ, നാം ഉപയോഗിക്കുന്ന നിരവധി വസ്തുക്കളായോ അവയുടെ ഘടകങ്ങളായോ പാക്കേജിങ്ങ് ആയോ ദൈനംദിനജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒന്നായി മാറ്റിയിരിക്കുന്നു. അതിനാൽ ജീവിതത്തെ പൂർണ്ണമായും പ്ലാസ്റ്റിക് മുക്തമാക്കുക എന്നത് ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെയേറെ ബുദ്ധിമുട്ടുള്ള ഒന്നായി മാറുന്നു.






### B. പ്ലാസ്റ്റിക്കിന് ബദൽ വസ്തുക്കൾ കണ്ടെത്തുക

പ്ലാസ്റ്റിക് ഈടുനിൽക്കുന്നതും വിവിധോദ്ദേശ്യയുക്തവുമായ ഒന്നായതിനാൽ മറ്റൊന്നിനാൽ പകരം വെക്കപ്പെടുവാൻ വളരെ ബുദ്ധിമുട്ടാണ്. പ്ലാസ്റ്റിക്കിന്റെ ഉത്പാദനം ഇല്ലാതാക്കുവാൻ / കുറയ്ക്കുവാനായി, കൂടുതൽ കാലം നിലനിൽക്കുന്നതും പരിസ്ഥിതിക്ക് കോട്ടം വരുത്താത്തതോ കുറഞ്ഞ പ്രഭാവം ഉണ്ടാക്കുന്നതോ ആയ വസ്തുക്കൾ നാം കണ്ടെത്തേണ്ടിയിരിക്കുന്നു. പ്ലാസ്സിക്കിന്റെ സമാന ഗുണസ്വഭാവങ്ങളുള്ള പുതിയ വസ്തുക്കൾ / ഉത്പന്നങ്ങൾ ഗവേഷണങ്ങളിലൂടെ കണ്ടെത്തിക്കൊണ്ടിരിക്കുന്നു. അവയിൽ ചിലതിനെ പരിചയപ്പെടാം.




പാലിൽ കണ്ടുവരുന്ന ഒരു തരം പ്രോട്ടീൻ പാക്കേജിങ്ങ് ഫിലിമുകൾ ഉണ്ടാക്കുവാൻ ഉപയോഗിക്കാനാകും. ഇവ പ്രകൃത്യാ അഴുകുന്നതും ഭക്ഷ്യയോഗ്യവും ഭക്ഷണപഥാർത്ഥങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിൽ പ്ലാസ്റ്റിക്കിനേക്കാൾ മികച്ചതുമാണ്



വീഞ്ഞ് നിർമ്മാണത്തിനായി നീര് എടുത്ത ശേഷം ബാക്കി വരുന്ന മുന്തിരിയുടെ അവശിഷ്ടങ്ങൾ കൃത്രിമ തുകൽ നിർമ്മിക്കാൻ ഉപയോഗിക്കാനാകും. പ്ലാസ്റ്റിക് അടിസ്ഥാനമാക്കിയ കൃത്രിമ തുകലുകൾക്ക് പരിസ്ഥിതി സൗഹൃദ ബദലാകുവാൻ ഇവക്ക് കഴിയും



ഭാരതത്തിൽ നിരവധി കമ്പനികൾ ഭക്ഷ്യയോഗ്യമായ സ്പൂൺ, പ്ലേറ്റുകൾ തുടങ്ങിയവ അവതരിപ്പിച്ചിട്ടുണ്ട്. പലവിധ ധാന്യപ്പൊടികൾ കൊണ്ടും ഗോതമ്പ് തവിട് കൊണ്ടും മറ്റും നിർമ്മിക്കപ്പെടുന്ന ഇവ പ്രകൃത്യാ അഴുകുന്നതും ഭക്ഷ്യയോഗ്യവും ആണ്.



മരച്ചീനിയിൽ നിന്നുള്ള അന്നജം, അരിപ്പൊടി എന്നിവ ഉപയോഗിച്ച് 60-90 ദിവസങ്ങൾ കൊണ്ട് പ്രകൃത്യാ അഴുകുന്ന പ്ലാസ്റ്റിക് രഹിത 'റൈസ് സ്ട്രോകൾ' നിർമ്മിക്കാനായിട്ടുണ്ട്. പഴം-പച്ചക്കറി നീരുകൾ നിറത്തിനായി ഇവയിൽ ഉപയോഗിക്കുന്നു; കൂടാതെ ഗോതമ്പ് കൊണ്ട് 'പാസ്താ സ്ട്രോകൾ' നിർമ്മിക്കാനായിട്ടുണ്ട്.



### വെല്ലുവിളിയാകുന്നത് എന്ത്?

പരിസ്ഥിതി സൗഹാർദപരമായ ബദൽ വസ്തുക്കൾ വലിയ അളവിൽ നിർമ്മിക്കുക എന്നത് ചെലവേറിയ പ്രക്രിയയാണ്. ഇവയുടെ ഉത്പാദനത്തിനായി ചെലവു കുറഞ്ഞ രീതികളും ഉപയോഗശേഷം അവയെ കൃത്യമായും ശരിയായും നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങളും നാം കണ്ടെത്തേണ്ടിയിരിക്കുന്നു.

**C. പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്യുക**

പ്ലാസ്റ്റിക്കിനു പകരം ഉപയോഗിക്കാവുന്ന, ആവശ്യമായത്ര, സ്ഥായിയായ, പരിസ്ഥിതി സൗഹൃദമായ ബദൽവസ്തുക്കൾ ഇന്നും നമുക്ക് ലഭ്യമല്ല. അതിനാൽ തന്നെ നാം പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കുമ്പോൾ ഫലപ്രദമായരീതിയിൽ നിർമ്മാർജ്ജനം ചെയ്യാവുന്നതും റീസൈക്കിൾ ചെയ്യാവുന്നതുമായവ തെരെഞ്ഞെടുക്കേണ്ടിയിരിക്കുന്നു.

ചിലതരം പ്ലാസ്റ്റിക്കുകൾ ഉരുക്കി പുതിയ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിർമ്മിക്കുവാൻ സാധിക്കും. മറ്റു ചിലവ രാസപ്രക്രിയകൾ വഴി റീസൈക്കിൾ ചെയ്യാം. എന്നാൽ ചിലതരം പ്ലാസ്റ്റിക്കുകൾ റീസൈക്കിൾ ചെയ്യാനാകാത്തവയാണ്; അവ പലപ്പോഴും കത്തിച്ചുകളയപ്പെടുന്നു. റീസൈക്കിൾ ചെയ്യാനാകാത്ത പ്ലാസ്റ്റിക്കുകൾ കുഴിച്ചു മൂടപ്പെപ്പെടുകയോ പ്രകൃതിയിൽ അങ്ങിങ്ങായി ഉപേക്ഷിക്കപ്പെടുകയോ ചെയ്യപ്പെടുന്നു.




### വസ്തുതാ വിശകലനം

കത്തിച്ചോ ചൂളകളിൽ നീറ്റിയോ പ്ലാസ്റ്റിക് നശിപ്പിക്കുന്നത് ആപത്കരമായ മാർഗ്ഗമാണ്. എന്തെന്നാൽ ഇങ്ങനെ ചെയ്യുമ്പോൾ ആഗോളതാപനത്തിനു കാരണമാകുന്ന ഹരിത ഗൃഹ വാതകങ്ങൾ, പ്രധാനമായും കാർബൺ ഡൈ-ഓക്സൈഡ്, ഉൾപ്പടെ നിരവധി വിഷവാതകങ്ങൾ അന്തരീക്ഷത്തിലേക്ക് പുറന്തള്ളപ്പെടുന്നു.

മാലിന്യങ്ങളിൽ നിന്നും ഊർജോത്പാദനം നടത്തുന്ന ശാലകൾ, വൈദ്യുതി ഉത്പാദിപ്പിക്കുവാനായി പ്ലാസ്റ്റിക് മാലിന്യങ്ങളുൾപ്പടെ ഉള്ളവ കത്തിക്കുന്നു. എന്നാൽ പഠനങ്ങൾ പറയുന്നത്, ഇത്തരത്തിൽ ഉത്പാദിപ്പിക്കുന്നതിനേക്കാൾ കൂടുതൽ ഊർജ്ജം, റീസൈക്കിൾ ചെയ്യുന്നതിലൂടെ, അതായത് ഫോസ്സിൽ ഇന്ധനങ്ങളുടെ സംസ്കരണവും പുതിയ പ്ലാസ്റ്റിക് ഉത്പാദനവും കുറയ്ക്കുന്നതിലൂടെ, നമുക്ക് ലാഭിക്കാനാകുമെന്നാണ്.

ഉറവിടം :https://www.nationalgeographic.com/environment/ article/should-we-burn-plastic-waste

നമ്മുടെ ഗാർഹിക മാലിന്യങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ചും തരംതിരിച്ചും വൃത്തിയാക്കിയും റീസൈക്ലിങ്ങിനെ കൂടുതൽ ഫലപ്രദവും മികച്ചതുമാക്കുവാൻ നമുക്കു കഴിയും. ഇത്തരം പ്രവർത്തനങ്ങൾ റീസൈക്ലിങ്ങ് കൂടുതൽ എളുപ്പമുള്ളതും സുസ്ഥിരവും ആക്കുവാൻ സഹായിക്കും.



## വെല്ലുവിളി ഉയർത്തുന്നതെന്ത്?

റീസൈക്ലിങ്ങ് പ്രക്രിയ എന്നത് ധാരാളം വിഭവസമ്പത്തും അദ്ധ്വാനവും വേണ്ട ഒന്നാണ്. പ്ലാസ്റ്റിക് മാലിന്യങ്ങളെ മറ്റുള്ള മാലിന്യങ്ങളിൽ നിന്നും വേർതിരിച്ച് കൃത്യമായി തരംതിരിക്കേണ്ടതായുണ്ട്; കൂടാതെ റീസൈക്ലിങ്ങിനു മുമ്പായി നന്നായി വൃത്തിയാക്കുകയും വേണം. എല്ലാ പ്ലാസ്റ്റിക്കുകളും റീസൈക്കിൾ ചെയ്യാവുന്നവയല്ല; ചിലത് വ്യത്യസ്ത തരത്തിലുള്ള പ്ലാസ്റ്റിക്കുകളുടെ സങ്കരമായിരിക്കും. ഇത് റീസൈക്ലിങ്ങ് പ്രക്രിയയെ ചെലവേറിയതാക്കുന്നു, അതേ സമയം പുതിയ പ്ലാസ്റ്റിക് ഉണ്ടാക്കുന്നത് താരതമ്യേന ചെലവ് കുറഞ്ഞ പ്രക്രിയയാണ്; അതുകൊണ്ടു തന്നെ റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക്കിനു ആവശ്യക്കാർ കുറവാണ്. ആയതിനാൽ റീസൈക്ലിങ്ങ് പ്രക്രിയ പ്ലാസ്റ്റിക് മാലിന്യങ്ങളെ കുറയ്ക്കുവാൻ സഹായിക്കുന്നുണ്ടെങ്കിലും പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നതോ ഒഴിവാക്കുന്നതോ ആണ് കൂടുതൽ ഫലപ്രദവും പ്രാധാന്യമുള്ളതുമായ മാർഗ്ഗം.

### നിങ്ങൾക്കറിയാമോ ?



ഓരോ തവണ റീസൈക്കിൾ ചെയ്യുമ്പോഴും പ്ലാസ്റ്റിക്കിന്റെ ഗുണനിലവാരം കുറഞ്ഞു കൊണ്ടിരിക്കും. മിക്ക പ്ലാസ്റ്റിക്കുകളും വളരെ കുറവ് തവണ മാത്രമേ റീസൈക്കിൾ ചെയ്യാനാകൂ; പിന്നീട് അവ ഉപയോഗ ശൂന്യമാകുന്നു. അതിനാൽ തന്നെ റീസൈക്കിൾ ചെയ്യാനാകാത്ത പ്ലാസ്റ്റിക്കുകൾ ചവറുകൂനകളിലോ കുഴിച്ചു മൂടപ്പെട്ട നിലയിലോ എത്തിച്ചേരുന്നു.

### വസ്തുതാ വിശകലനം

മാലിന്യം സംഭരിക്കുന്ന (garbage bags), പലചരക്ക്-പച്ചക്കറികൾ (grocery bags) കൊണ്ടു പോകുവാൻ ഉപയോഗിക്കുന്ന സഞ്ചികൾക്കു മുകളിൽ 'വളമാക്കി മാറ്റാവുന്നത്' (compostable), 'പ്രകൃത്യാ അഴുകുന്നത്' (biodegradable), 'സൂര്യപ്രകാശത്താൽ അഴുകുന്നത്' (oxo-degradable) എന്നെല്ലാം എഴുതിക്കാണാറുണ്ടെങ്കിലും അത് പൂർണ്ണമായും ശരിയാകണമെന്നില്ല; എന്തുകൊണ്ടെന്നോ ?

ഫോസ്സിൽ ഇന്ധനങ്ങൾ (പരമ്പരാഗതമായവ), പ്രകൃതി വിഭവങ്ങൾ എന്നിവ ഉപയോഗിച്ച് ബയോഡീഗ്രേഡബിൾ, കമ്പോസ്റ്റബിൾ പ്ലാസ്റ്റിക്കുകൾ നിർമ്മിക്കാം. അവ ചില നിശ്ചിത സാഹചര്യങ്ങളിൽ മാത്രം ബയോഡീഗ്രേഡബിൾ ആകാം; അതും ഒരു റീസൈക്കിൾ സംവിധാനത്തിനു കീഴിൽ ആണെങ്കിൽ മാത്രം. മറ്റു സാഹചര്യങ്ങളിൽ ഇവ വളരെ പതിയെ ദ്രവിക്കാം, അല്ലെങ്കിൽ ഒട്ടും ദ്രവിക്കാതിരിക്കാം, അതുമല്ലെങ്കിൽ മൈക്രോപ്ലാസ്റ്റിക്കുകളായി മാറാം.

ബയോഡീഗ്രേഡബിൾ പ്ലാസ്റ്റിക്കുകൾ പൊട്ടിപൊടിഞ്ഞ് മൈക്രോപ്ലാസ്റ്റിക്കുകളായി മാറാം, അല്ലെങ്കിൽ ചില നിശ്ചിത സാഹചര്യങ്ങളിൽ രാസപ്രക്രിയകളിലൂടെ ദ്രവിക്കാം. അവ സൂക്ഷ്മാണുക്കളാൽ ദ്രവിക്കുന്നവയല്ല.

ഇത്തരം ഉത്പന്നങ്ങൾ മറ്റു പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നും വേർതിരിച്ചില്ലെങ്കിൽ അവ മറ്റുള്ളവയെ മലീമസമാക്കുകയും റീസൈക്ലിങ്ങ് ബുദ്ധിമുട്ടേറിയതാക്കുകയും ചെയ്യുന്നു. ഇവ വേർതിരിക്കുകയും മറ്റുള്ളവയിൽ നിന്നും പ്രത്യേകം സംസ്കരിക്കുകയും വേണ്ടതാണ്. അതിനാൽ, പരിസ്ഥിതി സൗഹൃദമെന്ന് പറയപ്പെടുന്ന പല പ്ലാസ്റ്റിക്കുകളും മറ്റുള്ള പരമ്പരാഗത പ്ലാസ്റ്റിക്കുകളെപ്പോലെത്തന്നെ മലിനീകരണമുണ്ടാക്കുന്നതും സംസ്കരിക്കുവാൻ ബുദ്ധിമുട്ടുള്ളവയുമാണ്.

ഉറവിടം :https://www.eea.europa.eu/publications/biodegradable-and-compostable-plastics#:~:text=Although%20 biodegradable% 20and%20compostable%20plastics,conventional%20plastics%20when%20collected%20together.

## D. പ്ലാസ്റ്റിക് മാലിന്യങ്ങൾ ശുചീകരിക്കുക

പ്രകൃതിയിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശുചീകരിക്കുവാനായി ലോകമെമ്പാടും പല സമൂഹങ്ങളും സംരഭങ്ങളും സംഘടനകളും ശ്രമിച്ചു കൊണ്ടിരിക്കുന്നു. സമൂഹതല ശുചീകരണം മുതൽ വലിയ ക്യാമ്പയിനുകളും നൂതന കണ്ടുപിടുത്തങ്ങളും ആശയങ്ങളും വരെ ഇതിലുൾപ്പെടുന്നു.



'ദി ഓഷ്യൻ ക്ലീൻ-അപ്പ്' എന്ന സന്നദ്ധസംഘടന, 'U' ആകൃതിയിൽ യന്ത്രത്തോണികളിൽ ഘടിപ്പിച്ച വലയുപയോഗിച്ച് സമുദ്രങ്ങളിൽ ഒഴുകി നടക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു ഇത്തരത്തിൽ ഇതുവരെ 194,092 കിലോഗ്രാം ഗ്രേറ്റ് പസഫിക് ഗാർബേജ് പാച്ച്-ൽ നിന്നു മാത്രം നീക്കം ചെയ്തുകഴിഞ്ഞു



നദികളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ സമുദ്രങ്ങളിലേക്ക് കടക്കുന്നത് തടയുവാനായി ഇന്റർസെപ്റ്ററുകൾ എന്നു പേരുള്ള പ്രത്യേക യാനങ്ങളും തടയണകളും 'ദി ഓഷ്യൻ ക്ലീൻ-അപ്പ്' പല നദികളിലും സ്ഥാപിച്ചിട്ടുണ്ട്

@ the ocean cleanup



അമേരിക്കൻ ഐക്യനാടുകളിലെ ബാൾട്ടിമോർ തുറമുഖത്ത് ഉപയോഗത്തിലുള്ള 'മിസ്റ്റർ ട്രാഷ് വീൽ' എന്നു പേരുള്ള യന്ത്രസംവിധാനം സൗരോർജ്ജവും ജലവൈദ്യുതിയും ഉപയോഗിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുന്നു

@ Dicklyon, Wikimedia Commons



നെതെർലാന്റ്സിലെ ആംസ്റ്റർഡാമിൽ പ്ലാസ്റ്റിക് മാലിന്യങ്ങളെ തടയുവാനായി കനാലുകൾക്കു കുറുകെ കുമിളകൾ കൊണ്ടുള്ള തടയണ ഉപയോഗിക്കുന്നു; കുമിളകൾ പ്ലാസ്റ്റിക് മാലിന്യങ്ങളെ ഒരു വശത്തേക്ക് തള്ളിക്കൊണ്ടു വരുകയും ശേഖരിക്കാൻ എളുപ്പമുള്ളതാക്കുകയും ചെയ്യുന്നു

@ The Great Bubble Barrier ®

ഒരു ഇന്ത്യൻ കമ്പനി നദികളിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കുവാനായി സ്റ്റെയിൻ ലെസ്സ് സ്റ്റീൽ ചങ്ങലവേലികൾ നിർമ്മിച്ചുവരുന്നു. ഇതു വരെ എട്ട് ഇന്ത്യൻ നഗരങ്ങളിലായി ഈ കമ്പനി മുപ്പത്തിനാല് ചങ്ങലവേലികൾ സ്ഥാപിച്ചിട്ടുണ്ട്.

വെല്ലുവിളിയാകുന്നതെന്ത് ? മൈക്രോപ്ലാസ്റ്റിക്കുകൾ ശുചീകരിക്കുക എന്നത് കഠിനമായ ഒരു പ്രക്രിയയാണ്; എന്തെന്നാൽ അവ വളരെ ചെറുതും ചളി, മണ്ണ്, ചപ്പുചവറുകൾ എന്നിവയിൽ നിന്നും വേർതിരിച്ചെടുക്കാൻ പ്രയാസമേറിയതുമാണ്

### നിങ്ങൾക്ക് അറിയാമോ ?

മൈക്രോപ്ലാസ്റ്റിക്കുകൾ ശൂന്യാകാശത്തു നിന്നും നിരീക്ഷിക്കാനാകും!! ഉപഗ്രഹങ്ങളിൽ നിന്നുള്ള ചിത്രങ്ങളിൽ സമുദ്രോപരിതലം തിളക്കമുള്ളതായി കാണുന്ന ഭാഗങ്ങൾ ധാരാളം മൈക്രോ പ്ലാസ്റ്റിക്കുകൾ അടിഞ്ഞുകൂടിയ പ്രദേശങ്ങളെ സൂചിപ്പിക്കുന്നവയാകാം

ഉറവിടം : https://www.nasa.gov/feature/esnt2021/scientists-use-nasa-satellite-data-to-track-ocean-microplastics-from-space

നിങ്ങളുടെ ചിന്തകളെ ഉണർത്തു !!!
നിങ്ങൾ ജീവിക്കുന്ന സമൂഹത്തിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശുചീകരിക്കുവാൻ ഒരു പുതിയ ആശയം അഥവാ കണ്ടെത്തൽ നിങ്ങളിലുണ്ടോ?
കാർഡ് ബോർഡ് പോലെ എളുപ്പത്തിൽ ലഭ്യമാകുന്ന വസ്തുക്കൾ ഉപയോഗിച്ച് ഒരു മാതൃകാ സംവിധാനം ഒരുക്കൂ..



## E. പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിയന്ത്രിക്കുക

ആഗോളരാജ്യങ്ങൾ പ്ലാസ്റ്റിക് മലിനീകരണം ഉയർത്തുന്ന വെല്ലുവിളികളെ വളരെ ഗൗരവമായി തന്നെ കാണുന്നു. 2018-ലെ ഒരു റിപ്പോർട്ട് പ്രകാരം, ജൂലൈ 2018 വരെ 127-ഓളം രാജ്യങ്ങൾ, പ്ലാസ്റ്റിക് ബാഗുകൾ നിയന്ത്രിക്കുവാനായി, ഒറ്റത്തവണയായോ ഘട്ടം ഘട്ടമായുള്ളതോ ആയ നിരോധനങ്ങൾ മുതൽ പുന:രുപയോഗിക്കാവുന്ന സഞ്ചികളെ പ്രോത്സാഹിപ്പിക്കുവാനുള്ള ചട്ടങ്ങളും നിയമങ്ങളും വരെ വിവിധ സമയങ്ങളിൽ സ്വീകരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കുറഞ്ഞത് ഇരുപത്തിയേഴ് രാജ്യങ്ങളെങ്കിലും സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകൾക്ക് മുകളിൽ - കപ്പുകൾ, സ്ട്രോകൾ തുടങ്ങിയ ഉത്പന്നങ്ങൾക്ക് മുകളിലോ, അല്ലെങ്കിൽ അടിസ്ഥാന വസ്തുക്കൾക്ക് മുകളിലോ, അതുമല്ലെങ്കിൽ ഉത്പാദനത്തിനു മുകളിലോ - ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണമോ നിരോധനമോ നടപ്പിലാക്കിയിട്ടുണ്ട്.

ഉറവിടം : https://www.unep.org/resources/report/legal-limits-single-use-plastics-and-microplastics

### വെല്ലുവിളിയാകുന്നതെന്ത് ?

മിക്ക രാജ്യങ്ങളും എല്ലാ പ്ലാസ്റ്റിക് ബാഗുകളും മുഴുവനായും നിരോധിച്ചിട്ടില്ല. വളരെ കുറച്ച് രാജ്യങ്ങൾ മാത്രമാണ് പ്ലാസ്റ്റിക് ബാഗുകളുടെ നിർമ്മാണം / ഉത്പാദനം നിയന്ത്രിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണ ഭേദഗതി ചട്ടങ്ങളിലും നിയമങ്ങളിലും പലവിധ ഒഴിവുകളും ഇളവുകളും നിലവിലുണ്ട് ; ഇതു മൂലമാണ് പ്ലാസ്റ്റിക് ബാഗുകളും സിംഗിൾ-യൂസ് പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഇപ്പോഴും അനുവദിക്കപ്പെട്ടിട്ടുള്ളത്. ഒരേ സമയം ഭൂമിയെയും ജനങ്ങളുടെ ഉപജീവനമാർഗ്ഗങ്ങളേയും വ്യവസായങ്ങളേയും സംരക്ഷിക്കുന്ന തരത്തിൽ നിയമങ്ങളും ചട്ടങ്ങളും രൂപകല്പന ചെയ്യുവാനും നടപ്പിലാക്കുവാനും രാജ്യങ്ങൾ ശ്രമിക്കേണ്ടതായുണ്ട്.

### നിങ്ങൾക്ക് അറിയാമോ ?

ഇന്ത്യയിൽ, മാലിന്യ സംസ്കരണ ഭേദഗതി ചട്ടങ്ങൾ 2021-നു കീഴിൽ 120 മൈക്രാണിനു താഴെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ നിരോധിച്ചിരിക്കുന്നു



# ലോകരാജ്യങ്ങളിലെ പ്ലാസ്റ്റിക് നിയന്ത്രണങ്ങൾ





ആഫ്രിക്കയിലെ 34 രാജ്യങ്ങളിൽ പ്ലാസ്റ്റിക് ബാഗുകളുമായി ബന്ധപ്പെട്ട്, ഉത്പാദനം, ഇറക്കുമതി, വില്പന, വിതരണം തുടങ്ങിയവയ്ക്കു മുകളിൽ നിരോധനമോ നിയന്ത്രണമോ നിലവിലുണ്ട്.



2021 ജൂലൈ മാസത്തിൽ യൂറോപ്യൻ യൂണിയൻ സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധനം നടപ്പിലാക്കി. 2030-ഓടെ യൂറോപ്യൻ യൂണിയൻ വിപണിയിലെ എല്ലാ പ്ലാസ്റ്റിക് പാക്കേജിങ്ങുകളും റീസൈക്കിൾ ചെയ്യാൻ സാധിക്കുന്നവയാക്കുകയാണ് ലക്ഷ്യം.



അമേരിക്കൻ ഐക്യനാടുകളിൽ ഉൾപ്പെട്ട ന്യൂയോർക്ക് നഗരം 2019-ൽ എല്ലാ തരത്തിലുമുള്ള സ്റ്റിറോഫോം ഉത്പന്നങ്ങളും നിരോധിച്ചു.



നോർവേയിൽ, സവിശേഷമായ 'തിരിച്ചെടുക്കൽ പ്രക്രിയ'യിലൂടെ മൊത്തം പ്ലാസ്റ്റിക് കുപ്പികളുടെ 97%-വും റീസൈക്കിൾ ചെയ്യപ്പെടുന്നു. ഒരു ഉപഭോക്താവ് ഒരു പ്ലാസ്റ്റിക് കുപ്പി വാങ്ങുമ്പോൾ അവരിൽ നിന്നും ഒരു ചെറിയ തുക അധികമായി ഈടാക്കുന്നു. പ്ലാസ്റ്റിക് കുപ്പി തിരിച്ചു നൽകുമ്പോൾ ഈ തുക തിരികെ നൽകുകയും ചെയ്യുന്നു.



ഉത്പാദനപ്രക്രിയയിൽ 30%-ൽ താഴെ റീസൈക്കിൾ ചെയ്ത പ്ലാസ്റ്റിക് ഉപയോഗിക്കുന്ന എല്ലാ പ്ലാസ്റ്റിക് പാക്കേജിങ്ങുകൾക്കും മുകളിൽ, യുണൈറ്റഡ് കിങ്ഡം 2022 ഏപ്രിൽ മുതൽ 'പ്ലാസ്റ്റിക് പാക്കേജിങ്ങ് നികുതി' ഏർപ്പെടുത്തി.



ജപ്പാനിൽ നിലവിൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക് നിരോധനം ഇല്ല; ഇന്ന് പ്ലാസ്റ്റിക് പാക്കേജിങ്ങുകൾ പുറന്തള്ളുന്നതിൽ ആളോഹരി കണക്കിൽ അമേരിക്കൻ ഐക്യനാടുകൾക്ക് പിന്നിൽ രണ്ടാം സ്ഥാനത്താണ് ജപ്പാൻ. എന്നാൽ മികച്ചതും വളരെ ഫലപ്രദമായതുമായ മാലിന്യസംസ്കരണ സംവിധാനങ്ങളും ജനങ്ങൾക്കിടയിലെ ഉയർന്ന അവബോധവും വളരെ കുറഞ്ഞ അളവിൽ മാത്രം പ്ലാസ്റ്റിക് മാലിന്യങ്ങൾ പരിസ്ഥിതിയിലേക്ക് പുറന്തള്ളപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നതിൽ പങ്കുവഹിക്കുന്നു.

ഉറവിടം : Legal Limits on Single-Use Plastics and Microplastics: A Global Review of National Laws and Regulations, UNEP;
https://environment.ec.europa.eu/topics/plastics/single-use-plastics/eu-restrictions-certain-single-use-plastics_en#:~:text=The%20EU%20is%20acting%20against,of%20the%20EU%20Member%20States ;
https://edition.cnn.com/2019/07/01/business/new-york-styrofoam-ban-trnd/index.html ;
https://www.sciencealert.com/norway-s-recycling-scheme-is-so-effective-92-percent-of-plastic-bottles-can-be-reused ;
https://www.gov.uk/guidance/check-if-you-need-to-register-for-plastic-packaging-tax#:~:text=Packaging%20should%20only%20contain%20recycled,tonne%20from%201%20April%202022



# SUPP-കൾക്ക് മുകളിൽ ഇന്ത്യയുടെ പ്രതിരോധം

പ്ലാസ്റ്റിക് കപ്പുകൾ, സ്ട്രോ തുടങ്ങിയ കുറഞ്ഞ ഉപയോഗവും ഉയർന്ന മാലിന്യനിരക്കും ഉള്ളതായി കണ്ടെത്തിയ ഒരു കൂട്ടം സിംഗിൾ-യൂസ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ 2022-ൽ ഇന്ത്യയിൽ നിരോധിച്ചു. 2022 ജൂലൈ 01 മുതൽ ഇത്തരം സിംഗിൾ-യൂസ് പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉത്പാദനം, ഇറക്കുമതി, ശേഖരണം/സംഭരണം, വിതരണം, വില്പന തുടങ്ങിയവ നിരോധിച്ചതായി പ്രഖ്യാപിക്കപ്പെട്ടു.

### ഇന്ത്യയിൽ 2022 ജൂലൈ 01 മുതൽ നിരോധിക്കപ്പെട്ട സിംഗിൾ-യൂസ് പ്ലാസ്റ്റിക് ഉത്പന്നങ്ങൾ




ഉറവിടം : https://pib.gov.in/PressReleasePage.aspx?PRID=1837518

## നിങ്ങൾക്കറിയാമോ ?

1998-ൽ ഡിസ്പോസിബിൾ പ്ലാസ്റ്റിക് സഞ്ചികൾ നിരോധിച്ചതിലൂടെ അത്തരം ഒരു നടപടി സ്വീകരിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനമായി സിക്കിം മാറി. പിന്നീട് സർക്കാർ കാര്യാലയങ്ങളിൽ പ്ലാസ്റ്റിക് കുപ്പികളിൽ നിറച്ച കുടിവെള്ളവും, പൊതു-സ്വകാര്യ പരിപാടികളിൽ സ്റ്റിറോഫോമും തെർമ്മോക്കോളും ഉപയോഗിച്ചുണ്ടാക്കുന്ന പ്ലേറ്റുകൾ, മറ്റു വസ്തുക്കൾ എന്നിവയും സംസ്ഥാനത്ത് മുഴുവനായും നിരോധിക്കുകയും ചെയ്തു.
2022 ജനുവരി 01 മുതൽ 2 ലിറ്ററോ അതിനു താഴെയോ സംഭരണ ശേഷിയുള്ള പ്ലാസ്റ്റിക് കുടിവെള്ള കുപ്പികളും നിരോധിച്ചു.

ഉറവിടം : https://www.unep.org/news-and-stories/story/how-indian-state-sikkim-working-end-plastic-pollution ;
https://www.telegraphindia.com/states/sikkim-ban-on-use-sale-of-plastic-water-bottles-of-capacities-of-2-litres-and-below-implemented/cid/1845799



# ‘ചാക്രിക പരിഹാരം’

ഭൂരിഭാഗം സമ്പദ് വ്യവസ്ഥകളും ഒരു നേർരേഖയിലാണ് പ്രവർത്തിക്കുന്നത്. ഭൂമിയിൽ നിന്നും അസംസ്കൃത വസ്തുക്കൾ എടുത്ത്, ഉത്പന്നങ്ങളാക്കി മാറ്റി, ഉപയോഗിക്കുകയും, അതിനുശേഷം ഉപേക്ഷിക്കപ്പെടുകയും ചെയ്യപ്പെടുന്നു. അത്തരം ഉത്പന്നങ്ങൾ ശരിയായി കൈകാര്യം ചെയ്തില്ലെങ്കിൽ പാഴ്‌വസ്തുക്കളാകുകയോ മലിനീകരണത്തിനു കാരണമാകുകയോ ചെയ്യുന്നു.




ഒരു ചാക്രിക സമ്പദ് വ്യവസ്ഥ (സർക്കുലർ എക്കോണമി) മറ്റുള്ളവയേക്കാൾ സ്ഥായിയായ ഒന്നാണ്; കാരണം അത് പ്രകൃത്യാലുള്ള ചാക്രിക ക്രമങ്ങളോട് സാദൃശ്യം പുലർത്തുന്നു. അസംസ്കൃത വസ്തുക്കളും ഉത്പന്നങ്ങളും കഴിയാവുന്നത്ര വീണ്ടും വീണ്ടും ഉപയോഗിക്കുന്നതിലൂടെ പാഴ്‌വസ്തുക്കളുടെ അളവ് കുറയ്ക്കുവാൻ അഥവാ വസ്തുക്കൾ പാഴാവുന്നത് കുറയ്ക്കുവാൻ സാധിക്കുന്നു; തത്ഫലമായി പ്രകൃതി പുനരുജ്ജീവിപ്പിക്കപ്പെടുന്നു.

പ്ലാസ്റ്റിക്കുകൾ ഗുണകരമായി ഉപയോഗിക്കുവാനും, അതേ സമയം നമ്മുടെ ഭൂമിക്ക് ദോഷം വരാതെ സംരക്ഷിക്കുവാനുമായി നാം പുനർവിചിന്തനം നടത്തേണ്ടതും ചാക്രിക സമ്പദ് വ്യവസ്ഥ രൂപപ്പെടുത്തുവാനായി പ്ലാസ്റ്റിക്കിന്റെ രൂപകല്പന, നിർമ്മാണം, ഉപയോഗം, നിർമ്മാർജ്ജനം എന്നിവയിലെല്ലാം സമഗ്രമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്.

### ചാക്രിക സമ്പദ് വ്യവസ്ഥാ മാതൃക




എലൻ മാക്-ആർതർ ഫൗണ്ടേഷന്റെ അഭിപ്രായത്തിൽ പ്ലാസ്റ്റിക്കിനായി ഒരു ചാക്രിക സമ്പദ് വ്യവസ്ഥ സൃഷ്ടിക്കുവാൻ നാം മൂന്നു നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്

## ഒഴിവാക്കുക

പ്രശ്നകാരകങ്ങളായ, അത്യന്താപേക്ഷിതമല്ലാത്ത എല്ലാ പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഒഴിവാക്കുക

## കണ്ടെത്തുക

നമുക്ക് ആവശ്യമായ എല്ലാ പ്ലാസ്റ്റിക് ഉത്പന്നങ്ങളും പുന:രൂപയാഗിക്കാവുന്നതും റീസൈക്കിൾ ചെയ്യാവുന്നതും പ്രകൃത്യാ നിർമ്മാർജ്ജനം ചെയ്യാവുന്നതും ആകുവാൻ പുതിയ ആശയങ്ങൾ / കണ്ടെത്തലുകൾ ഉറപ്പുവരുത്തുക.

## തുടരുക

നാം ഉപയോഗിക്കുന്ന എല്ലാ പ്ലാസ്റ്റിക് ഉത്പന്നങ്ങളും ഉപഭോക്തൃ സമ്പദ് വ്യവസ്ഥയിൽ തന്നെ തുടരുവാനായി നിലനിർത്തുകയും പ്രകൃതിയിലേക്ക് എത്താതെ നോക്കുകയും ചെയ്യുക.

ഉറവിടം : https://ellenmacarthurfoundation.org/plastics-vision



# ഗവൺമെന്റുകൾ ചെയ്യേണ്ടതെന്തെല്ലാം?

പ്ലാസ്റ്റിക്കുമായുള്ള നമ്മുടെ ‘ബന്ധ’ത്തിൽ മാറ്റങ്ങൾ വരുത്തുന്നതിൽ സുപ്രധാന പങ്കു വഹിക്കുന്നത് ഗവൺമെന്റുകളാണ്. പ്ലാസ്റ്റിക് മലിനീകരണത്തിനു കടിഞ്ഞാൺ ഇടുവാൻ ഗവൺമെന്റുകൾക്ക് നിരവധി കാര്യങ്ങൾ ചെയ്യാനാകും.

- നമുക്ക് എളുപ്പത്തിൽ ഒഴിവാക്കുവാനാകുന്ന പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ അളവ് വെട്ടിച്ചുരുക്കാനാകും
- എല്ലാ പ്ലാസ്റ്റിക് ഉത്പന്നങ്ങളിലും അവയുമായി ബന്ധപ്പെട്ട വിവരങ്ങൾ കൃത്യമായി എഴുതി പ്രദർശിപ്പിക്കുന്നതിലൂടെ എല്ലാവർക്കും അതെന്തെന്നും, ഏതെല്ലാം എങ്ങിനെ റീസൈക്കിൾ ചെയ്യണമെന്നും മനസ്സിലാക്കുവാൻ സാധിക്കും.
- പ്ലാസ്റ്റിക് മലിനീകരണ പ്രശ്ന പരിഹാരത്തിനായി ഗവേഷണങ്ങളും നൂതന ആശയ ആവിഷ്ക്കാരങ്ങളും പ്രോത്സാഹിപ്പിക്കുകയും അവയിൽ നിക്ഷേപം നടത്തുകയും ചെയ്യുക.
- സിംഗിൾ-യൂസ് പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുന്നത് നമ്മുടെ ഭൂമിയുടെ ആരോഗ്യത്തിന് എത്രത്തോളം ആവശ്യമാണെന്ന അവബോധം ജനങ്ങളിൽ സൃഷ്ടിക്കുക.
- പ്ലാസ്റ്റിക്കിന്റെ നിർമ്മാണം, ഉപയോഗം എന്നിവയുമായി ബന്ധപ്പെട്ട ഒരു ചാക്രിക സമ്പദ് വ്യവസ്ഥ ഉറപ്പുവരുത്തുവാനായി നൂതന രീതികളും പദ്ധതികളും സ്വീകരിക്കുവാൻ, ഫോസ്സിൽ ഇന്ധന വ്യവസായികൾ, റീസൈക്ലിങ്ങ് ചെയ്യുന്നവർ, ഉപഭോക്താക്കൾ എന്നിങ്ങനെ എല്ലാവരേയും പ്രചോദിപ്പിക്കുവാൻ കഴിയുന്ന തരത്തിലുള്ള നയങ്ങൾ രൂപീകരിക്കുക.

അതുകൊണ്ടു മാത്രമായില്ല, പ്ലാസ്റ്റിക് മലിനീകരണത്തിനെ വരുതിയിലാക്കുവാനും ഗവൺമെന്റുകളുടെ പ്രയത്നങ്ങളെ വിജയിപ്പിക്കുവാനും നമ്മളോരോരുത്തരും അവരവരുടെ കടമ നിറവേറ്റേണ്ടതായുണ്ട്. പ്രാദേശികതലത്തിൽ / താഴേത്തട്ടിൽ ഉൾപ്പടെ ഗവൺമെന്റ് നയങ്ങൾ കൃത്യമായി നടപ്പിലാക്കുന്നുണ്ടെന്നും ഉത്തരവാദിത്തത്തോടെ പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടെന്നും പാഴ്‌വസ്തുക്കൾ ശരിയായി കൈകാര്യം ചെയ്യുന്നുണ്ടെന്നും സംരഭകരും സ്ഥാപനങ്ങളും സമൂഹങ്ങളും ഉറപ്പു വരുത്തേണ്ടതുണ്ട്.

# പ്ലാസ്റ്റിക്കുമായി ബന്ധപ്പെട്ട് ലോകനേതാക്കൾ ചെയ്യുന്നതെന്തെല്ലാം?



പ്ലാസ്റ്റിക് മലിനീകരണമെന്നത് രാജ്യാതിർത്തികൾക്കപ്പുറം അന്തർദ്ദേശീയമായി ഏകോപിപ്പിക്കപ്പെടേണ്ട ഒന്നാണ്.

193 അംഗരാജ്യങ്ങൾ അടങ്ങിയ ‘യുണൈറ്റഡ് നാഷൻസ് എൺവയോൺമെന്റ് അസംബ്ലി’ എന്ന രാജ്യാന്തരസമിതി, പരിസ്ഥിതി സംബന്ധമായ നിർണ്ണായക തീരുമാനങ്ങൾ എടുക്കുവാനായി രണ്ടു വർഷത്തിലൊരിക്കൽ സമ്മേളിക്കുന്നു. 2022 മാർച്ചിൽ നടന്ന 5-മത് യു.എൻ എൺവയോൺമെന്റ് അസംബ്ലിയിൽ വെച്ച് 175 അംഗരാജ്യങ്ങൾ 2024ൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചുള്ള, പ്ലാസ്റ്റിക് മലിനീകരണവുമായി ബന്ധപ്പെട്ട പരസ്പര ഉടമ്പടി രൂപപ്പെടുത്തുവാൻ സമ്മതമറിയിച്ചു. പ്ലാസ്റ്റിക്കിന്റെ കാലചക്രവുമായി ബന്ധപ്പെട്ട വിവിധ വീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഈ ഉടമ്പടി പ്ലാസ്റ്റിക് മലിനീകരണമെന്ന അഴിയാക്കുരുക്കിനു പരിഹാരം കാണുന്നതിലേക്കുള്ള ഒരു പ്രധാന ചുവടു വെയ്പ്പായിരിക്കും.

# നാഷണൽ കേഡറ്റ് കോർപ്സ്

**ലെവൽ 1 : എൻട്രി ലെവൽ**

**Step 1:** അറിയുക, പഠിക്കുക – സംഘാംഗങ്ങൾക്കായി ടൈഡ് ടേണേഴ്സ് ടൂൾകിറ്റ് അടിസ്ഥാനമാക്കി ഒരു ചർച്ച / പഠനശിബിരം സംഘടിപ്പിക്കുക.

**Step 2:** പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് ഡൗൺലോഡ് ചെയ്യുക

**Step 3:** സംഘാംഗങ്ങൾക്കായി പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് നടത്തുക.

താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുക.

i. സംഘാംഗങ്ങളിൽ എത്ര പേർ പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റിൽ പങ്കെടുത്തു?
ii. എത്ര പേർ കുറഞ്ഞത് 50% ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകി ഈ ലെവൽ വിജയകരമായി പൂർത്തിയാക്കി ?

**ലെവൽ 2 : ലീഡർ ലെവൽ**

ചാമ്പ്യൻ ലെവലിലേക്ക് മുന്നേറാനായി താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു പ്രവർത്തനമെങ്കിലും സംഘടിപ്പിക്കുക

**ആക്ടിവിറ്റി 1 :** ഒരു ബോധവത്ക്കരണ റാലിയോ തെരുവുനാടകമോ സംഗീത ശില്പമോ സംവാദമോ മറ്റേതെങ്കിലും ബോധവത്ക്കരണ പരിപാടിയോ ഏതെങ്കിലുമൊന്ന് സംഘടിപ്പിക്കുക.

**ആക്ടിവിറ്റി 2 :** പൊതുജനങ്ങൾ, മത്സ്യബന്ധനതൊഴിലാളികൾ, വ്യാപാരികൾ പോലുള്ള സമൂഹങ്ങളുമായി നേരിട്ടുള്ള സമ്പർക്ക പരിപാടികൾ കേഡറ്റുകൾക്ക് സംഘടിപ്പിക്കാവുന്നതാണ്. പ്രസ്തുത പരിപാടിയെ 'പുനീത് സാഗർ അഭിയാൻ'-മായി ബന്ധിപ്പിക്കുക.

> സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്ന ഏതൊരു പ്രവർത്തനവും നിങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

ചലഞ്ച് പ്രവർത്തനങ്ങൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ടുവെന്നു കരുതുന്നു. അടുത്ത തലത്തിലേക്ക് കടക്കുവാനായി താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുക.

i. പരിപാടികളുടെ വിശദ വിവരങ്ങൾ; ഏത് തരം? എപ്പോഴൊക്കെ ?
ii. പരിപാടികളിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം?

പരിപാടികളിൽ എത്ര പേർ പങ്കെടുത്തു ?

iii. പരിപാടികളിൽ പങ്കെടുത്ത മറ്റുള്ളവർ ആരെല്ലാം ?
iv. എത്ര പരിപാടികൾ നിങ്ങൾ സംഘടിപ്പിച്ചു ?

> മാധ്യമങ്ങളിലൂടെ നിങ്ങളുടെ പ്രവർത്തനങ്ങളെ മറ്റു മേഖലകളിലേക്ക് എത്തിക്കുക. പരിപാടികളുടെ ചിത്രങ്ങൾ പങ്കുവെക്കുവാൻ മറക്കാതിരിക്കുക.

**ലെവൽ 3 : ചാമ്പ്യൻ ലെവൽ**

**Step 1:** നിങ്ങളുടെ സമീപത്തുള്ള ഏതെങ്കിലും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശം കണ്ടെത്തുക

**Step 2:** നിങ്ങളുടെ എല്ലാ കേഡറ്റുകളേയും ഉൾപ്പെടുത്തി ഒരു ശുചീകരണ യജ്ഞം സംഘടിപ്പിക്കുക

**Step 3:** ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ഭാരം (കിലോഗ്രാമിൽ) അളന്നു തിട്ടപ്പെടുത്തി രേഖപ്പെടുത്തുക.

**Step 4:** ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രാദേശിക മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് കൈമാറുക.

**Step 5:** ടിടിപിസി പ്രതിജ്ഞ എടുക്കുക

> ശുചീകരണ യജ്ഞത്തിനായി ഒരു പ്രകൃതിലോല പ്രദേശം തെരെഞ്ഞെടുക്കുക – നദീതീരം /കായൽത്തീരം/ തടാകങ്ങൾ/ കുളങ്ങൾ/ കടൽത്തീരം / കുന്നിൻ പ്രദേശങ്ങൾ / ദേശീയോദ്യാനം



പ്രവർത്തനങ്ങളിലൂടെ നിങ്ങൾ കൈവരിച്ച ലക്ഷ്യങ്ങളെക്കുറിച്ച് / ബന്ധപ്പെട്ട വിവരങ്ങൾ ഞങ്ങളോട് പറയൂ.

i. ശുചീകരണ യജ്ഞത്തിനായി നിങ്ങൾ തെരെഞ്ഞെടുത്ത സ്ഥലം
ii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം
iii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത മറ്റുള്ളവർ ആരെല്ലാം ? ശുചീകരണ തൊഴിലാളികൾ, മാലിന്യങ്ങൾ ശേഖരിക്കുന്നവർ/ സംസ്കരിക്കുന്നവർ etc.
iv. ശേഖരിക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആകെ ഭാരം

> ശുചീകരണ യജ്ഞത്തിന് മുമ്പും ശേഷവും ആ പ്രദേശത്തിന്റേയും ശേഖരിച്ച മാലിന്യങ്ങളുടേയും ചിത്രങ്ങൾ പകർത്തുവാൻ മറക്കാതിരിക്കുക

## തൊഴിലിടങ്ങളിലെ യുവജനങ്ങൾക്കായുള്ള ചലഞ്ച് പ്രവർത്തനങ്ങൾ

പത്തോ അതിൽ കൂടുതലോ വ്യക്തികളെ ചേർത്ത് ഒരു സംഘം രൂപീകരിച്ച് **www.tide-turners.org** എന്ന വെബ്സൈറ്റിൽ സംഘം എന്ന നിലയിൽ സൈൻ–അപ്പ് ചെയ്ത് നിങ്ങളുടെ ചലഞ്ച് യാത്ര തുടങ്ങുക.

**ലെവൽ 1 : എൻട്രി ലെവൽ**

**Step 1:** ഒരു പുസ്തകപ്പുഴുവായി മാറുക!!! ടൈഡ് ടേണേഴ്സ് ടൂൾകിറ്റ് ഉപയോഗിച്ച് പ്ലാസ്റ്റിക്കിനെക്കുറിച്ച് പഠിക്കുക.

**Step 2:** പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് ഡൗൺലോഡ് ചെയ്യുക

**Step 3:** സംഘാംഗങ്ങൾക്കായി പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് നടത്തുക.

**Step 4:** സംഘാംഗങ്ങളുടെ ഉത്തരക്കടലാസുകൾ പരിശോധിച്ച് വിലയിരുത്തുക

> പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റ് ചോദ്യങ്ങൾ അച്ചടിക്കുകയോ സ്ക്രീനിൽ പ്രദർശിപ്പിക്കുകയോ ബോർഡിൽ എഴുതുകയോ ചെയ്യാവുന്നതാണ്

താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുക.

i. സംഘാംഗങ്ങളിൽ എത്ര പേർ പ്ലാസ്റ്റിക് ലിറ്ററസി ടെസ്റ്റിൽ പങ്കെടുത്തു?
ii. എത്ര പേർ കുറഞ്ഞത് 50% ചോദ്യങ്ങൾക്ക് ശരിയായ ഉത്തരം നൽകി ഈ ലെവൽ വിജയകരമായി പൂർത്തിയാക്കി ?

**ലെവൽ 2 : ലീഡർ ലെവൽ**

ചാമ്പ്യൻ ലെവലിലേക്ക് മുന്നേറാനായി താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു പ്രവർത്തനമെങ്കിലും സംഘടിപ്പിക്കുക

**ആക്ടിവിറ്റി 1 :** നിങ്ങളുടെ സ്ഥാപനത്തിൽ, സഹപ്രവർത്തകരെ ബോധവാൻമാരാക്കുന്നതിനായി പ്ലാസ്റ്റിക്കിനെക്കുറിച്ചും പ്രകൃതിയിൽ അവയുണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചും ബന്ധപ്പെട്ട പ്രദർശനം സംഘടിപ്പിക്കുക. സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകൾക്ക് ബദലായി ഉപയോഗിക്കാവുന്ന വസ്തുക്കളുടെ പ്രദർശനവും സംഘടിപ്പിക്കാവുന്നതാണ്.

**ആക്ടിവിറ്റി 2 :** സമൂഹത്തിൽ സിംഗിൾ-യൂസ് പ്ലാസ്റ്റിക്കുകൾക്കെതിരായ നടപടികൾ പ്രോത്സാഹിപ്പിക്കുവാൻ ഉതകുന്ന ഒരു മാരത്തോൺ, സൈക്ലത്തോൺ അല്ലെങ്കിൽ സമാനമായ മറ്റേതെങ്കിലും പ്രവർത്തനം സംഘടിപ്പിക്കുക.

**ആക്ടിവിറ്റി 3 :** നിങ്ങളുടെ സഹപ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി പ്ലാസ്റ്റിക്കിനെക്കുറിച്ചും പ്രകൃതിയിൽ അവയുണ്ടാക്കുന്ന ആഘാതങ്ങളെക്കുറിച്ചും ഉള്ള ഒരു ചർച്ചയോ ഒരു ചലച്ചിത്ര പ്രദർശനമോ സംഘടിപ്പിക്കുക; കുട്ടികളെ ഉൾപ്പെടുത്തുവാൻ മറക്കല്ലേ !!!

> സമൂഹത്തിൽ ചലനങ്ങൾ സൃഷ്ടിക്കുന്ന ഏതൊരു പ്രവർത്തനവും നിങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ച് വിഭാവനം ചെയ്ത് നടപ്പിലാക്കാവുന്നതാണ്.

ചലഞ്ച് പ്രവർത്തനങ്ങൾ നിങ്ങൾക്ക് ഇഷ്ടപ്പെട്ടുവെന്നു കരുതുന്നു. അടുത്ത തലത്തിലേക്ക് കടക്കുവാനായി താഴെ പറയുന്ന വിവരങ്ങൾ അറിയിക്കുക.

i. പരിപാടികളുടെ വിശദ വിവരങ്ങൾ; ഏത് തരം? എപ്പോഴൊക്കെ ?
ii. പരിപാടികളിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം ?
iii. പരിപാടികളിലൂടെ എത്ര പേരിലേക്ക് അറിവുകൾ പകരാനായി ?
iv. പരിപാടികളിൽ പങ്കെടുത്ത മറ്റുള്ളവർ ആരെല്ലാം ?
v. സംഘടിപ്പിക്കപ്പെട്ട പരിപാടികളുടെ എണ്ണം ?

മാധ്യമങ്ങളിലൂടെ നിങ്ങളുടെ പ്രവർത്തനങ്ങളെ മറ്റു മേഖലകളിലേക്ക് എത്തിക്കുക. പരിപാടികളുടെ ചിത്രങ്ങൾ പങ്കുവെക്കുവാൻ മറക്കാതിരിക്കുക.

**ലെവൽ 3 : ചാമ്പ്യൻ ലെവൽ**

**Step 1:** നിങ്ങളുടെ സമീപത്തുള്ള ഏതെങ്കിലും പാരിസ്ഥിതിക പ്രാധാന്യമുള്ള പ്രദേശം കണ്ടെത്തുക

**Step 2:** നിങ്ങളുടെ എല്ലാ സംഘാംഗങ്ങളേയും ഉൾപ്പെടുത്തി ഒരു ശുചീകരണ യജ്ഞം സംഘടിപ്പിക്കുക

**Step 3:** ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ഭാരം (കിലോഗ്രാമിൽ) അളന്നു തിട്ടപ്പെടുത്തി രേഖപ്പെടുത്തുക.

**Step 4:** ശേഖരിച്ച പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രാദേശിക മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് കൈമാറുക.

**Step 5: ടിടിപിസി പ്രതിജ്ഞ** എടുക്കുക

ശുചീകരണ യജ്ഞത്തിനായി ഒരു പ്രകൃതിലോല പ്രദേശം തെരഞ്ഞെടുക്കുക – നദീതീരം /കായൽതീരം/ തടാകങ്ങൾ/ കുളങ്ങൾ/ കടൽത്തീരം / കുന്നിൻ പ്രദേശങ്ങൾ / ദേശീയോദ്യാനം

പ്രവർത്തനങ്ങളിലൂടെ നിങ്ങൾ കൈവരിച്ച ലക്ഷ്യങ്ങളെക്കുറിച്ച് / ബന്ധപ്പെട്ട വിവരങ്ങൾ ഞങ്ങളോട് പറയൂ.

i. ശുചീകരണ യജ്ഞത്തിനായി നിങ്ങൾ തെരെഞ്ഞെടുത്ത സ്ഥലം
ii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത സംഘാംഗങ്ങളുടെ എണ്ണം
iii. ശുചീകരണ യജ്ഞത്തിൽ പങ്കെടുത്ത മറ്റുള്ളവർ ആരെല്ലാം ?
ശുചീകരണ തൊഴിലാളികൾ, മാലിന്യങ്ങൾ ശേഖരിക്കുന്നവർ/ സംസ്കരിക്കുന്നവർ etc.
iv. ശേഖരിക്കപ്പെട്ട പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ആകെ ഭാരം

ശുചീകരണ യജ്ഞത്തിന് മുമ്പും ശേഷവും ആ പ്രദേശത്ത് വെച്ചും ശേഖരിച്ച മാലിന്യങ്ങൾക്കൊപ്പവും 'സെൽഫികൾ' പകർത്തുവാൻ മറക്കാതിരിക്കുക





# അനുബന്ധം




## പെരുമാറ്റ രീതികളിലെ മാറ്റങ്ങൾക്കായി ചില നിർദ്ദേശങ്ങൾ

ഒരു ചാമ്പ്യനെന്ന നിലയിൽ നിരവധി വെല്ലുവിളികളെ നിങ്ങൾ നേരിടുന്നുണ്ട്. വളരെ പതിയേ മാത്രമേ മാറ്റങ്ങൾക്ക് വിധേയമാകാൻ ജനങ്ങൾ സന്നദ്ധരാകുന്നുള്ളൂ എന്നായിരിക്കാം നിങ്ങൾ കണ്ടെത്തുന്നത്. നിങ്ങളുടെ പ്രവർത്തനങ്ങൾ വിജയത്തിൽ/ഫലപ്രാപ്തിയിൽ എത്തിക്കാൻ ജനങ്ങളെ നിങ്ങൾക്കൊപ്പം നിർത്തേണ്ടതുണ്ട്. കൂടാതെ ഒരു സംഘമായി പ്രവർത്തിക്കുവാനും പരസപരം പിന്തുണക്കുവാനും കഴിയണം.

പ്രവർത്തനങ്ങൾ തുടങ്ങുന്നതിനു മുമ്പായി ഇവ ശ്രദ്ധിക്കുക;

**വ്യക്തത പാലിക്കുക** : ഉദാഹരണത്തിന്, മറ്റുള്ളവരോട് ''പ്ലാസ്റ്റിക് കുറച്ചു മാത്രം ഉപയോഗിക്കൂ'' എന്നതിനു പകരം ''പുനരുപയോഗിക്കാവുന്ന കുടിവെള്ളക്കുപ്പികൾ കൈവശം വെക്കുവാൻ തുടങ്ങാം'' എന്ന് പറയാം.

**പ്രവർത്തന പദ്ധതി രൂപീകരണം** : പ്രായോഗികമായ പദ്ധതികൾ രൂപീകരിക്കുവാൻ നിങ്ങൾക്കൊപ്പം പ്രവർത്തിക്കുന്നവരെ സഹായിക്കുക.

**നിലവിലെ പെരുമാറ്റ രീതികളെ വീക്ഷിക്കുക, മനസ്സിലാക്കുക** : നിലവിൽ എന്തു ചെയ്യുന്നുവെന്നും എന്ത് മാറ്റങ്ങൾ കൊണ്ടുവരുവാനാകും അല്ലെങ്കിൽ വരുത്തേണ്ടതായുണ്ട് എന്ന് ചിന്തിക്കുവാൻ കഴിഞ്ഞാൽ അത് പ്രവർത്തനങ്ങൾക്ക് സഹായകരമാകും.

**എന്താണ് തടസ്സമാകുന്നത് ?** : എല്ലാവർക്കും നൂറുകൂട്ടം ഒഴിവുകഴിവുകൾ പറയാനുണ്ടാകും ; സമയമില്ല, പണമില്ല, വേണ്ടത്ര അറിവുകൾ ഇല്ല... ബദൽ മാർഗ്ഗങ്ങളിലൂടെയും അറിവുകളിലൂടെയും ഈ തടസ്സങ്ങളെ മറികടക്കുവാൻ തയ്യാറെടുക്കേണ്ടതായുണ്ട്.

**വാക്കുകൾ പ്രവൃത്തികളായി മാറട്ടെ!!** : സംസാരിക്കുന്നതു കൊണ്ട് മാത്രമായില്ല ; അവരവർക്കുവേണ്ടി പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കുകയും അതിനായി അവരെ പിന്തുണക്കുകയും ചെയ്യുമ്പോൾ കൂടുതൽ ഫലപ്രാപ്തി നേടാനാകും.

**പ്രകൃതിയോടൊത്ത് സമയം ചെലവാക്കൂ!!** നിങ്ങളുടെ സുഹൃത്തുക്കളേയും കൊണ്ട് പ്രകൃതിയോടൊത്ത് സമയം ചെലവാക്കൂ... പ്രകൃതിയോട് കൂടുതൽ ഇഴുകിച്ചേരുമ്പോൾ പ്രകൃതിയെ സംരക്ഷിക്കാനുള്ള താത്പര്യവും കൂടും.

**ഉറക്കെ പറയൂ!!** : പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പോരാടുമെന്ന് പൊതുസമക്ഷം ജനങ്ങളെകൊണ്ട് പ്രതിജ്ഞയെടുപ്പിക്കൂ... ഇത്തരം പ്രതിജ്ഞകൾ, അവരുടെ വാക്കുപാലിക്കുവാൻ ജനങ്ങളെ ഓർമ്മിപ്പിക്കും.

**പങ്കുവെക്കൂ !!** : അവരവരുടെ സുഹൃത്‌വലയങ്ങളിലൂടെയും സമൂഹങ്ങളിലൂടെയും അറിവുകൾ പങ്കുവെക്കുവാൻ എല്ലാവരേയും പ്രചോദിപ്പിക്കുക. ഒരു ഉദ്യോഗസ്ഥനോ രാഷ്ട്രീയക്കാരനോ പറയുന്നതിനേക്കാൾ പ്രാധാന്യം ജനങ്ങൾ അവരുടെ സുഹൃത്തുക്കളുടെ വാക്കുകൾക്ക് നൽകും.

**ഒരു കണ്ണുണ്ടാകണം !!** തുടക്കങ്ങൾ എളുപ്പമാണ്, നല്ലതുമാണ് ; എന്നാൽ എല്ലാവരും നല്ല പെരുമാറ്റ രീതികൾ നിലനിർത്തുണ്ടെന്ന് ഉറപ്പുവരുത്തേണ്ടണ്ടതായുണ്ട്. കൃത്യമായ തുടരന്വേഷണങ്ങൾ, ഓർമ്മപ്പെടുത്തലുകൾ, നിർദ്ദേശങ്ങൾ മുതൽ ചെറിയ പ്രതിഫലങ്ങൾ വരെ ഇതിനായി ഉപയോഗിക്കാം

മുകളിൽ കൊടുത്തവ 'Making It Count - Increasing the Impact of Climate Change and Food Security Education Programmes' എന്നതിൽ നിന്നും സ്വീകരിച്ചവയാണ്

# എന്തിനു വേണ്ടിയാണ് ഈ ക്യാമ്പയിൻ ?

പ്ലാസ്റ്റിക് മലിനീകരണമെന്നത് വളരെ ബുദ്ധിമുട്ടേറിയ ഒരു വെല്ലുവിളിയാണ്. ഈ വെല്ലുവിളിയെ മനസ്സിലാക്കുന്നതിലൂടെ, ഒരുമിച്ച് പോരാടുന്നതിലൂടെ, ശരിയായ ചുവടുവെയ്പ്പുകളിലൂടെ സ്ഥായിയായ ഒരു മാറ്റം കൊണ്ടുവരുവാൻ നമുക്കാകും.

വിവിധ പ്രായത്തിലുള്ള, വിവിധ പശ്ചാത്തലങ്ങളിൽ നിന്നുള്ള ജനങ്ങളെ പ്ലാസ്റ്റിക് മലിനീകരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെക്കുറിച്ചും വേണ്ടതായ നടപടികളെ കുറിച്ചും മനസ്സിലാക്കുവാൻ സഹായിക്കുക, പ്രായോഗിക മാറ്റം കൊണ്ടുവരുവാനായി സഹായകമായ നിർദ്ദേശങ്ങൾ നൽകുക എന്നിവയാണ് ടൈഡ് ടേണേഴ്സ് പ്ലാസ്റ്റിക് ചലഞ്ച് കൊണ്ട് ലക്ഷ്യമാക്കുന്നത്. കൂടാതെ, വിദ്യാർത്ഥികൾ മുതൽ ഉദ്യോഗസ്ഥർ വരെ, പരമ്പരാഗത ജനസമൂഹങ്ങൾ മുതൽ ലോകനേതാക്കളെ വരെ, എല്ലാ ജനങ്ങളേയും അവരുടെ വ്യക്തിജീവിതത്തിലും സമൂഹത്തിലും മാറ്റങ്ങൾ കൊണ്ടുവരുവാനായി പ്രചോദിപ്പിക്കുവാനും ഈ ക്യാമ്പയിൻ ലക്ഷ്യം വെക്കുന്നു.

## പ്ലാസ്റ്റിക്കും **സുസ്ഥിര വികസന ലക്ഷ്യങ്ങളും** എങ്ങിനെ ബന്ധപ്പെട്ടിരിക്കുന്നു ?

ആഗോളജനതക്ക് കൂടുതൽ സുസ്ഥിരമായ ഒരു ഭാവി ഉറപ്പു വരുത്തുന്നതിനായി, 2030-ഓടെ കൈവരിക്കേണ്ടതായ, ലോകത്തിന്റെ ഏറ്റവും പ്രാധാന്യമേറിയ ആവശ്യങ്ങളെന്ന് അന്താരാഷ്ട്ര സമൂഹം തിരിച്ചറിഞ്ഞ് 2015-ൽ അംഗീകരിച്ച, 17 ലക്ഷ്യങ്ങളാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals - SDGs) എന്നറിയപ്പെടുന്നത്. ഭൂമിയെ സംരക്ഷിക്കുക എന്നതിനൊപ്പം ദാരിദ്ര്യം കുറയ്ക്കുക, അസമത്വം ഇല്ലാതാക്കുക, ലോകജനതക്ക് ഒരു മികച്ച ജീവിതസാഹചര്യം ഒരുക്കി നൽകുക എന്നിവയാണ് ഈ ലക്ഷ്യങ്ങളിലൂടെ അർത്ഥമാക്കുന്നത്.

പല സുസ്ഥിര വികസന ലക്ഷ്യങ്ങളുമായും പ്ലാസ്റ്റിക് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു




ഉറവിടം :https:///www.plasticsoupfoundation.org/en/plastic-problem/sustainable-development/individual-sdgs/

നാം ഒറ്റക്കെട്ടായി പ്ലാസ്റ്റിക് മലിനീകരണത്തിനെതിരെ പ്രവർത്തിക്കുകയാണെങ്കിൽ നമുക്ക് നമ്മുടെ രാജ്യത്തേയും ലോകത്തേയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ നേടിയെടുക്കുവാനുള്ള യജ്ഞങ്ങളിൽ സഹായിക്കാനാകും.

ഓർക്കുക, ഒരു വ്യക്തിക്ക് പോലും ഒറ്റക്ക് ഒരു വലിയ മാറ്റം സൃഷ്ടിക്കാനാകും !!!